
VOL NO: 06 I ISSUE 36
www.nerpatham.com
mail@nerpatham.com
2022 SEPTEMBER 03 I ₹10

# നേർപഥം

വാരിക




## മനുഷ്യബുദ്ധിയോട് സംവദിക്കുന്ന മതം

വൃത്തികേടുകൾക്ക് മേൽവിലാസമുണ്ടാക്കാൻ മത്സരിച്ച് പണിയെടുക്കുകയാണ് നാസ്തികർ. ആത്മനിഷ്ഠ ധാർമികതയുടെ പറ്റുപുസ്തകത്തിൽ അഗമ്യഗമനവും മൃഗരതിയും ശവരതിയുമടക്കം വരവുവച്ച് നേരും നെറിയുമില്ലാതെ ജീവിക്കുന്ന നാസ്തിക ചിന്തയാണ് ലോകത്തിന്റെ സമാധാന പ്രത്യയശാസ്ത്രമെന്ന പടുവിവരക്കേടിന്റെ വക്താക്കൾക്ക് സ്വന്തത്തോടും സമൂഹത്തോടും സ്രഷ്ടാവിനോടുമുള്ള ബാധ്യതകളെ വിവരിക്കുന്ന ഇസ്‌ലാമെന്ന മാർഗദർശനത്തെ ഉൾക്കൊള്ളാൻ കഴിയാത്തതിൽ അത്ഭുതമൊന്നുമില്ല.

# നാസ്തികത ധാർമികത ഇസ്‌ലാം

|| പുനരുത്ഥാനദിനം
|| ഇന്ന് കൊടുക്കുക; നാളേക്ക് വേണ്ടി
|| ആരോഗ്യസംരക്ഷണം: ഇസ്‌ലാമിക നിർദേശങ്ങൾ

# പുറത്തിറങ്ങി...




WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0293

നേർപഥം

വാരിക

2022 സെപ്തംബർ 03

1444 സ്വഫർ 06

പുസ്തകം 06 / ലക്കം 36






Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി

10



നാസ്തികത
ധാർമികത, ഇസ്‌ലാം
റാശിദ് ബിൻ സിദ്ദീഖ് ശൂരനാട്

05
മുഖമൊഴി
മനുഷ്യബുദ്ധിയോട്
സംവദിക്കുന്ന മതം

06
ലേഖനം
ആരോഗ്യസംരക്ഷണം:
ഇസ്‌ലാമിക
നിർദേശങ്ങൾ
ഡോ. ടി. കെ യൂസുഫ്

18
പുനർവായന
പുനരുത്ഥാനദിനം
ഡോ. എം. ഉസ്മാൻ

23
ഹദീസ് പാഠം
ഇന്ന് കൊടുക്കുക;
നാളേക്കുവേണ്ടി
ഉസ്മാൻ പാലക്കാഴി

24
നിയമപഥം
നമ്മുടെ രാജ്യത്തെ
കോടതികൾ
അബൂആദം അയ്മൻ

25
ആരോഗ്യപഥം
ഓട്ടിസം;
ലക്ഷണങ്ങളും കാരണങ്ങളും
ഡോ. മുനവ്വർ

26
ലേഖനം
ഫിത്നയും
മുസ്‌ലിംകളുടെ നിലപാടും
ശൈഖ് സ്വാലിഹ് ആലുശൈഖ്
വിവ: സിയാദ് കണ്ണൂർ

31
ക്വുർആൻ ദർശനം
അൽജാസിയ
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

34
കവിത
ഓരോരോ മോഹങ്ങൾ
സുലൈമാൻ പെരുമുക്ക്

# 'ആത്മീയ ചൂഷണത്തിന്റെ കാണാപ്പുറങ്ങൾ' മുജാഹിദ് ആദർശ സമ്മേളനം ശ്രദ്ധേയമായി

ചങ്ങരംകുളം: 'ആത്മീയ ചൂഷണത്തിന്റെ കാണാപ്പുറങ്ങൾ' എന്ന വിഷയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ആഗസ്റ്റ് 24 ബുധനാഴ്ച ചങ്ങരംകുളം ഗ്യാലക്സി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച മുജാഹിദ് ആദർശ സമ്മേളനം ശ്രദ്ധേയമായി.

പ്രവൃത്തിദിനമായിരുന്നിട്ടും നിറഞ്ഞ സദസ്സോടെ ഉദ്ഘാടന സെഷൻ ഗംഭീരമായി. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ സംഗമം ഉദ്ഘാടനം ചെയ്തു. ഫൈസൽ മൗലവി, അബ്ദുൽ മാലിക് സലഫി, ശാഫി സ്വബാഹി എന്നിവർ വിഷയങ്ങളവതരിപ്പിച്ച് സംസാരിച്ചു.

ആത്മീയ ചൂഷണത്തിന്റെ ബഹുമുഖങ്ങളായ തലങ്ങൾ ഏതൊരു സാധാരണക്കാരനും മനസ്സിലാകുംവിധം അവതരിപ്പിക്കപ്പെട്ടു. കറാമത്ത് കച്ചവടത്തിനെതിരിൽ പ്രസ്താവന നടത്തുന്ന ഇരുസമസ്തകളും അതിന് വഴിവെക്കുന്ന ആദർശത്തെ സംരക്ഷിക്കുന്ന നിലപാട് തുടരുന്നതാണ് പ്രശ്നത്തിന്റെ മർമമെന്ന് ആദർശ സമ്മേളനം മുഴുവൻ വീക്ഷിക്കുന്നവർക്ക് ബോധ്യമാകും. തൗഹീദി രംഗത്തെ പോരാട്ടം ശക്തമായി തുടരുന്നതിന്റെ ഭാഗമായി അടുത്ത ആദർശ സമ്മേളനം സെപ്റ്റംബർ 23ന് പയ്യന്നൂർ ഗാന്ധി പാർക്ക് മൈതാനത്ത് നടക്കും.

# സാമ്രാജ്യത്വ താൽപര്യങ്ങൾക്കായി യുവാക്കളെ കരുവാക്കരുത്: വിസ്ഡം യൂത്ത്

ബാലുശ്ശേരി: രാഷ്ട്ര പുനർനിർമാണത്തിനും സാമൂഹിക പരിഷ്കരണങ്ങൾക്കും ഉപയോഗപ്പെടുത്തേണ്ട യുവാക്കളുടെ ക്രിയാശേഷിയെ സാമ്രാജ്യത്വ താൽപര്യങ്ങൾക്കായി ദുരുപയോഗം ചെയ്യരുതെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ കോഴിക്കോട് നോർത്ത് ജില്ല സമിതി സംഘടിപ്പിച്ച യുവജന സമ്മേളനം ആവശ്യപ്പെട്ടു.

പാശ്ചാത്യരിൽ നടപ്പിലാക്കിയ മാനവവിരുദ്ധ ആശയങ്ങൾ ഉണ്ടാക്കിയ സാമൂഹിക കെടുതികളെ കുറിച്ചുള്ള പഠനങ്ങളെ തിരസ്കരിച്ച് അവ മലയാളികളിൽ അടിച്ചേൽപിക്കാനുള്ള ശ്രമം അപലപനീയമാണ്. ലഹരിയും ധാർമികാധഃപതനവും അക്രമോൽസുകതയും വ്യാപകമാകുമ്പോഴും അതിനെതിരെയുള്ള അധികൃതരുടെ നിസ്സംഗത ദുരൂഹതയുണ്ടാക്കുന്നു. ജെൻഡർ ന്യൂട്രാലിറ്റി അടിച്ചേൽപിക്കില്ലെന്ന പ്രസ്താവന ശ്ലാഘനീയമാണെങ്കിലും വിദ്യാലയങ്ങൾക്കും സമൂഹത്തിനും നൽകിയ സ്വാതന്ത്ര്യം ദുരുപയോഗത്തിന് കാരണമാകുമെന്നും അതിനാൽ പൂർണമായും അത് പിൻവലിക്കുകയാണ് വേണ്ടതെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

വിസ്ഡം സംസ്ഥാന ട്രഷറർ നാസിർ ബാലുശ്ശേരി ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് ജില്ലാ പ്രസിഡന്റ് നൗഫൽ അഴിയൂർ അധ്യക്ഷനായി. ജില്ലാ സെക്രട്ടറിമാരായ കെ. ജമാൽ മദനി, സി.പി സജീർ, വിസ്ഡം സ്റ്റുഡന്റ്സ് ജില്ലാ പ്രസിഡന്റ് മുനിസ് അൻസാരി, ടി.എൻ ഷക്കീർ സലഫി എന്നിവർ സംസാരിച്ചു. വിവിധ വിഷയങ്ങളിൽ സംസ്ഥാന വൈസ് പ്രസിഡന്റ് മുജീബ് മദനി ഒട്ടുമ്മൽ, സംസ്ഥാന സമിതി അംഗം അബ്ദുറഹ്മാൻ ചുങ്കത്തറ, മുനവ്വർ സ്വലാഹി, ഹബീബ് സ്വലാഹി, മുഹമ്മദ് വിജ്ദാൻ അൽഹികമി, ഡോ. അബ്ദുല്ല ബാസിൽ, മുജാഹിദ് ബാലുശ്ശേരി, അബ്ദുറശീദ് കുട്ടമ്പൂർ, വി.കെ ഉനൈസ് സ്വലാഹി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സി.പി ഷഹീർ, സാജിദ് ബിസ്മി, സബീബ് തങ്ങൾ, ആശിക് വടകര, വി.യൂനുസ്, ഷമീർ മൂടാടി, ജാസിം ഓർക്കാട്ടേരി, ഒ. റഫീഖ് മാസ്റ്റർ എന്നിവർ നേതൃത്വം നൽകി.

# മനുഷ്യബുദ്ധിയോട് സംവദിക്കുന്ന മതം

ഇസ്‌ലാമിനെ ഇതര മതദർശനങ്ങളെയോ ചിന്താധാരകളെയോ പോലെ വിലയിരുത്തുന്ന മുസ്‌ലിം നാമധാരികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണിന്ന്. ഇസ്‌ലാമുമായി ബന്ധപ്പെട്ട ആനുകാലിക സംഭവവികാസങ്ങളിലെ ചർച്ചകളിൽ അവർ നടത്തുന്ന അഭിപ്രായ പ്രകടനങ്ങൾ അങ്ങനെയാണ് മനസ്സിലാക്കിത്തരുന്നത്. ഇതര മതാചാരങ്ങളിൽനിന്നും പ്രത്യയ ശാസ്ത്രങ്ങളിൽ നിന്നും കടമെടുത്തും കൊണ്ടും കൊടുത്തും നിലകൊള്ളുന്ന ഒരു പ്രാകൃത വിശ്വാസ കർമാനുഷ്ഠാന സംഹിതയാണ് ഇസ്‌ലാം എന്ന അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ റാൻമൂളികളായി മാറുകയാണ് യഥാർഥത്തിൽ ഇവർ ചെയ്യുന്നത്. 'നിങ്ങൾ അല്ലാഹുവിന് അങ്ങോട്ട് ദീൻ പഠിപ്പിക്കുകയാണോ?' എന്ന വിശുദ്ധ ക്വുർആന്റെ ചോദ്യം അന്വർഥമാകുന്നതും ഇവിടെയാണ്.

തീർത്തും അബദ്ധജടിലമായ വിശ്വാസാചാരങ്ങളിൽ നിന്ന് ഇസ്‌ലാമിനെ വ്യതിരിക്തമാക്കുന്ന സുപ്രധാന സവിശേഷതകളിലൊന്ന് അറിവിന്റെയും തെളിവിന്റെയും അടിസ്ഥാനത്തിൽ മനുഷ്യബുദ്ധിയോട് സംവദിക്കുന്ന ഒരേ ഒരു വിശ്വാസാദർശമാണ് അതെന്നുള്ളതാണ്. മുസ്‌ലിംകൾക്കിടയിലെ അഭ്യസ്തവിദ്യർക്കിടയിൽ ഇന്നും ഇസ്‌ലാമെന്നാൽ കേവല കർമാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട തർക്കവിതർക്കങ്ങളും കുറെ അന്ധവിശ്വാസങ്ങളും അതിന്റെ മറവിൽ നടക്കുന്ന ചൂഷണവുമാണെന്ന ധാരണകളുമായി കഴിഞ്ഞുകൂടുന്നവരുണ്ട്.

ഇസ്‌ലാമെന്നാൽ ഈ പ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും കൂടിയുള്ള മതമാണെന്നാണ് വിശുദ്ധ ക്വുർആന്റെ അധ്യാപനം: "അല്ലാഹുവിനാണ് ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം പ്രണാമം ചെയ്തുകൊണ്ടിരിക്കുന്നത്. സ്വമനസ്സോടെയും നിർബന്ധിതരായിട്ടും അവരുടെ നിഴലുകളും അവന്ന് പ്രണാമം ചെയ്യുന്നു" (13:15).

മാത്രമല്ല മനുഷ്യപ്രകൃതിയോട് അങ്ങേയറ്റം ഇഴുകിച്ചേർന്ന ഒരേയൊരു ആദർശവും അതത്രെ. പക്ഷേ, ആ ലളിതസത്യം ബഹുഭൂരിഭാഗം മനുഷ്യരും മനസ്സിലാക്കുന്നില്ല. അല്ലാഹു പറയുന്നു: "ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചുനിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ, വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (30:30).

പ്രവാചകൻമാരായി പരമകാരുണികനാൽ നിയുക്തരായവർ ഒന്നടങ്കം പ്രഘോഷിച്ച മതമാണ് ഇസ്‌ലാം. പരലോകത്തിലെ ശാശ്വത വിജയമെന്ന മഹാജീവിതലക്ഷ്യം പഠിപ്പിച്ച, അടിസ്ഥാന പ്രമാണങ്ങളിലൂടെ ഐഹിക, പാരത്രിക ജീവിതങ്ങളുടെയെല്ലാം ആത്യന്തിക ലക്ഷ്യം അരക്കിട്ടുറപ്പിച്ച ദൈവികമായ നേർസരണിയാണത്.

അല്ലാഹു പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്കു പൂർണമായി നൽകപ്പെടുകയുള്ളു. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റി നിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185). ജീവിതത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാടിന്റെ ആകെത്തുകയായി നമുക്ക് ഈ വചനത്തെ കാണുവാൻ സാധിക്കുന്നു.



# ആരോഗ്യസംരക്ഷണം: ഇസ്‌ലാമിക നിർദേശങ്ങൾ

ഡോ. ടി. കെ യൂസുഫ്

:9349798262

ആരാധാനാകർമങ്ങൾ കഴിഞ്ഞാൽ പ്രവാചകൻ (സ്വ) ഏറ്റവും പ്രധാന്യം നൽകിയിരുന്നത് ആരോഗ്യസംരക്ഷണത്തിനാണ്. നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയ ആരാധനാകർമങ്ങൾ ശരിയായ രീതിയിൽ അനുഷ്ഠിക്കണമെങ്കിൽ ശാരീരിക സൗഖ്യം അനിവാര്യമാണ്. അതുകൊണ്ട്തന്നെ പ്രവാചകൻ(സ്വ) ആഫിയത്തിന് വേണ്ടി പ്രാർഥന നടത്തിയതായി നമുക്ക് കാണാനാവും. ആരോഗ്യം കൃതജ്ഞത അർഹിക്കുന്ന ഒരു അനുഗ്രഹമാണെന്നാണ് ഇസ്‌ലാമിക കാഴ്ചപ്പാട്. നബി(സ്വ) പറഞ്ഞു: "ആർക്കെങ്കിലും ശാരീരിക സൗഖ്യവും നിർഭയത്വവും നിത്യവൃത്തിക്കുള്ള വകയും ലഭിച്ചാൽ അവന് ദുൻയാവ് ആകമാനം ലഭിച്ചു" (തുർമുദി).

ഒരു മനുഷ്യന് ഈ ലോകത്തുവെച്ച് ലഭിക്കുന്ന അനുഗ്രഹങ്ങളിൽ ഏറ്റവുമാദ്യം ചോദ്യം ചെയ്യപ്പെടുക ആരോഗ്യത്തെക്കുറിച്ച് തന്നെയാണ്. നബി(സ്വ) പറഞ്ഞു: "അന്ത്യദിനത്തിൽവെച്ച് ഒരു അടിമയോട് ആദ്യമായി ചോദിക്കുന്നത് ഇതായിരിക്കും: ഞാൻ നിനക്ക് ശരീരത്തിന് ആരോഗ്യം നൽകിയില്ലേ? ഞാൻ നിനക്ക് തണുത്തവെള്ളം കുടിക്കാൻ നൽകിയില്ലേ?" (തുർമുദി).

നബി(സ്വ) ശാരീരിക സൗഖ്യത്തിന് വേണ്ടി പ്രർഥിക്കുകയും മറ്റുള്ളവരോട് അപ്രകാരം ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നബി(സ്വ) പറഞ്ഞു: "നിങ്ങൾ അല്ലാഹുവിനോട് സുഖവും സൗഖ്യവും ചോദിക്കുക. കാരണം വിശ്വാസത്തിന് ശേഷം ശാരീരിക

**ആരാധാനാകർമങ്ങൾ കഴിഞ്ഞാൽ പ്രവാചകൻ (സ്വ) ഏറ്റവും പ്രധാന്യം നൽകിയിരുന്നത് ആരോഗ്യസം രക്ഷണത്തിനാണ്. നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയ ആരാധ നാകർമങ്ങൾ ശരിയായ രീതിയിൽ അനുഷ്ഠിക്കണമെങ്കിൽ ശാരീരിക സൗഖ്യം അനിവാര്യമാണ്. അതുകൊ ണ്ട്തന്നെ പ്രവാചകൻ(സ്വ) ആഫി യത്തിന് വേണ്ടി പ്രാർഥന നടത്തി യതായി നമുക്ക് കാണാനാവും. ആരോഗ്യം കൃതജ്ഞത അർഹിക്കു ന്ന ഒരു അനുഗ്രഹമാണെന്നാണ് ഇസ്ലാമിക കാഴ്ചപ്പാട്.**

സൗഖ്യത്തെക്കാൾ ഉത്തമമായത് ഒരാൾക്കും നൽകപ്പെട്ടിട്ടില്ല" (നസാഇ).

ഒരു അപരിഷ്കൃത അറബി വന്നിട്ട് നബി(സ്വ)യോട് ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഞാൻ നമസ്കാരങ്ങൾക്ക് ശേഷം എന്താണ് ചോദിക്കേണ്ടത്?" അപ്പോൾ നബി(സ്വ) പറഞ്ഞ: "നീ അല്ലാഹുവിനോട് സൗഖ്യത്തിന് വേണ്ടി ചോദിക്കുക" (അഹ്മദ്).

ആരോഗ്യ സംരക്ഷണത്തിന് ഏറ്റവും അനിവാര്യമായി വേണ്ട ഒരു ഗുണം മാനസിക വിശുദ്ധിയാണ്. പവിത്രമായ മനസ്സിന്റെ ഉടമകൾക്ക് താരതമ്യേന രോഗങ്ങൾ കുറവായിരിക്കുമെന്നാണ് ആധുനിക ഗവേഷകരുടെ അഭിപ്രായം. നബി(സ്വ)യുടെ സ്വഭാവശുദ്ധിയെക്കുറിച്ച് വന്നിട്ടുള്ള നിരവധി ഹദീസുകൾ ഇവിടെ സ്മരണീയമാണ്. ഉത്തമ സ്വഭാവത്തിന്റെ ഉടമ എന്ന് ക്വുർആൻ വിശേഷിപ്പിച്ച നബി(സ്വ)യുടെ സ്വഭാവം ക്വുർആനായിരുന്നു എന്നാണ് പ്രിയപത്നി ആഇശ(റ) പ്രസ്താവിക്കുന്നത്. അനസ്(റ) പറയുന്നത് 'ഞാൻ പ്രവാചകന് പത്തുവർഷത്തോളം സേവനം ചെയ്തു, ഈ കാലയളവിനിടിയിൽ ഞാൻ ചെയ്ത എന്തെങ്കിലും ഒരു കാര്യത്തെക്കുറിച്ച് നീ എന്തിന് അത് ചെയ്തുവെന്നോ ഞാൻ ചെയ്യാതിരുന്ന ഒരു കാര്യത്തിനെക്കുറിച്ച് നീ എന്തിന് അത് ചെയ്യാതിരുന്നു എന്നോ ചോദിച്ചിട്ടില്ല' എന്നാണ്. ശുദ്ധമായ മനസ്സിന്റെ ഉടമയായിരുന്നതുകൊണ്ട് തന്നെ നബി(സ)ക്ക് ദുർവികാരജന്യമായ അസുഖങ്ങളൊന്നുമുണ്ടായിരുന്നില്ല.

മാനസിക പിരിമുറുക്കങ്ങൾ കൊണ്ടും മറ്റുള്ളവരോടുള്ള പ്രതികാരചിന്തകൾകൊണ്ടും രോഗിയായിത്തീരുന്നവരുടെ എണ്ണം ഇപ്പോൾ കൂടിവരികയാണ്. എത്രത്തോളമെന്നാൽ ഇന്ന് പല മാനസികരോഗ വിദഗ്ധരും രോഗികളോട് നിങ്ങളുടെ പ്രശ്നം എന്ത് എന്ന് ചോദിക്കുന്നതിന് പകരം നിങ്ങളുടെ പ്രശ്നം ആര് എന്ന് ചോദിക്കുന്നിടത്തുവരെ എത്തിയിരിക്കുന്നു! 'കോപിക്കരുത്' എന്ന പ്രവാചകവചനം വൈദ്യശാസ്ത്രത്തിലെ ഏറ്റവും വലിയ ഉപദേശമായി നമുക്ക് കാണാവുന്നതാണ്. കോപം ശരീരത്തിലെ ഒട്ടേറെ പ്രവർത്തനങ്ങളുടെ താളം തെറ്റിക്കുന്നുണ്ട്. രോഗകാരണമായി ആധുനിക വൈദ്യശാസ്ത്രം കണ്ടെത്തിയിട്ടുള്ള മറ്റൊന്ന് മനോദുഃഖമാണ്. മനോദുഃഖത്തിൽനിന്നും സ്വയം രക്ഷനേടാൻ മനുഷ്യന് പ്രയാസമായതുകൊണ്ട് തന്നെ പ്രവാചകൻ(സ്വ) ദുഖത്തിൽനിന്നും മനോവ്യഥയിൽനിന്നും നിരന്തരമായി നമസ്കാര ശേഷം അല്ലാഹുവിനോട് രക്ഷ തേടിയിരുന്നതായി കാണാം. മനോദുഃഖങ്ങൾ അലട്ടുമ്പോൾ അതിൽനിന്ന് രക്ഷതേടാൻ ചില പ്രാർഥനകളും പ്രവാചകൻ വിശ്വാസികളെ പഠിപ്പിച്ചിട്ടുണ്ട്.

**ആഹാരം, നിദ്ര, സംസർഗം**

ആരോഗ്യത്തിന്റെ അടിസ്ഥാന സ്തൂപങ്ങളായി ആയുർവേദം എണ്ണിയിട്ടുള്ളത് ആഹാരം, നിദ്ര, മൈഥുനം എന്നീ മൂന്ന് കാര്യങ്ങളെയാണ്. പോഷകസമൃദ്ധമായ ഭക്ഷണം, ശരീരക്ഷീണം തീർക്കാനാവശ്യമായ സുഖനിദ്ര, മിതവും ഹിതവുമായ ലൈംഗികവൃത്തി എന്നിവയാണ് അവകൊണ്ട് വിവക്ഷിക്കപ്പെടുന്നത്.


രോഗചികിത്സയെക്കാളും നബി(സ്വ) പ്രാധാന്യം നൽകിയിരുന്നത് ആരോഗ്യസംരക്ഷണത്തിനായിരുന്നു. ഒട്ടനവധി സ്വഹീഹായ ഹദീസുകളിലൂടെ ചികിത്സിക്കാൻ വേണ്ടി ആഹ്വാനം ചെയ്ത പ്രവാചകൻ രോഗാവസ്ഥയിലും

ആരോഗ്യാവസ്ഥയിലും വൈദ്യവിധികൾ പാലിച്ചതായി കാണാനാവും. നബി(സ്വ)യുടെ ഭക്ഷണശീലം പരിശോധിക്കുകയാണങ്കിൽ ഇക്കാര്യം നമുക്ക് ബോധ്യപ്പെടും. പ്രവാചകന്റെ ഭക്ഷണരീതിയിൽ ഏറ്റവും പ്രധാനപ്പെട്ടത് അദ്ദേഹത്തിന്റെ ഭക്ഷണം ഹിതവും മിതവുമായിരുന്നു എന്നതാണ്.

നബി(സ്വ) പറഞ്ഞു: "മനുഷ്യൻ അവന്റെ വയറിനെക്കാളും മോശമായ ഒരു പാത്രം നിറച്ചിട്ടില്ല. ഒരു മനുഷ്യന് അവന്റെ നട്ടെല്ല് നിവർത്താൻ ഏതാനും ഉരുളകൾ മതി. ഇനി അനിവാര്യാമാണങ്കിൽ മൂന്നിലൊന്ന് ഭക്ഷണത്തിനും മൂന്നിലൊന്ന് വെള്ളത്തിനും മൂന്നിലൊന്ന് വായുവിനും" (നസാഇ, തിർമുദി). മറ്റൊരു വചനത്തിൽ ഇങ്ങനെ കാണാം: "വിശ്വാസി ഒരു വയർ തിന്നുന്നു, അവിശ്വാസി ഏഴു വയർ ഭക്ഷിക്കുന്നു" (ബുഖാരി).

വിരുദ്ധ ഭക്ഷണങ്ങൾ വിരോധിച്ചിരുന്ന റസൂൽ(സ്വ) പാത്രങ്ങൾ അടച്ചുവെക്കാൻ കൽപിക്കുകയും ചെയ്തിട്ടുണ്ട്.

**മാനസിക പിരിമുറുക്കങ്ങൾ കൊണ്ടും മറ്റുള്ളവരോടുള്ള പ്രതികാരചിന്തകൾകൊണ്ടും രോഗിയായിത്തീരുന്നവരുടെ എണ്ണം ഇപ്പോൾ കൂടിവരികയാണ്. എത്രത്തോളമെന്നാൽ ഇന്ന് പല മാനസികരോഗ വിദഗ്ധരും രോഗികളോട് നിങ്ങളുടെ പ്രശ്നം എന്ത് എന്ന് ചോദിക്കുന്നതിന് പകരം നിങ്ങളുടെ പ്രശ്നം ആര് എന്ന് ചോദിക്കുന്നിടത്തുവരെ എത്തിയിരിക്കുന്നു! 'കോപിക്കരുത്' എന്ന പ്രവാചകവചനം വൈദ്യശാസത്രത്തിലെ ഏറ്റവും വലിയ ഉപദേശമായി നമുക്ക് കാണാവുന്നതാണ്. കോപം ശരീരത്തിലെ ഒട്ടേറെ പ്രവർത്തനങ്ങളുടെ താളം തെറ്റിക്കുന്നുണ്ട്. രോഗകാരണമായി ആധുനിക വൈദ്യശാസ്ത്രം കണ്ടെത്തിയിട്ടുള്ള മറ്റൊന്ന് മനോദുഃഖമാണ്.**



വിശക്കുന്നതിന് മുമ്പ് ഭക്ഷണം കഴിക്കുന്നത് ഇബ്നുസീനയെപ്പോലുള്ള പല ഭിഷഗ്വരന്മാരും വിലക്കിയിട്ടുണ്ട്. അതുപോലെ അത്താഴത്തിന് ശേഷം അര കാതം നടക്കണം എന്ന പഴമൊഴിയെ പിന്താങ്ങുന്ന ഒരു നബിവചനവും നമുക്ക് കാണാനാവും. നബി(സ്വ) പറഞ്ഞു: "നിങ്ങൾ നമസ്കാരം കൊണ്ടും ദൈവസ്മരണ കൊണ്ടും ഭക്ഷണത്തെ ദഹിപ്പിക്കുക. നിങ്ങൾ അപ്പടി ഉറങ്ങരുത്, എങ്കിൽ അത് നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കാൻ ഇടയാകും" (ത്വബറാനി, ബൈഹഖി).

ഉറക്കം ആരോഗ്യസംരക്ഷണത്തിന് അനിവാര്യഘടകമാണ് എന്ന് എല്ലാ വൈദ്യശാസ്ത്ര ശാഖകളും അംഗീകരിക്കുന്നുണ്ട്. ഒരാൾ എത്രസമയം ഉറങ്ങണം എന്നത് അവന്റെ പ്രായവും ജോലിയും പരിതസ്ഥിതിയും മറ്റും ആശ്രയിച്ചാണിരിക്കുന്നത്. ഉദാഹരണമായി, നവജാതശിശുക്കൾ അധികസമയവും നിദ്രയിലായിരിക്കും. എന്നാൽ പ്രായമായവർ താരതമ്യേന കുറച്ചുസമയം മാത്രമെ ഉറങ്ങാറുള്ളൂ. പ്രവാചകന് നേരത്തെ ഉറങ്ങുകയും നേരത്തെ ഉണരുകയും ചെയ്യുന്ന ശീലമായിരുന്നു ഉണ്ടായിരുന്നത്. ഉറങ്ങാൻ നേര



ത്ത് ഖുർആൻ വചനങ്ങളും പ്രാർഥനകളും ചൊല്ലി വലതുവശം ചെരിഞ്ഞ് കിടക്കാനാണ് നബി(സ്വ) കൽപിച്ചിട്ടുള്ളത്.

വലതുവശം ചെരിഞ്ഞ് കിടക്കുന്നതിന്റെ സവിശേഷത ഇന്ന് ശാസ്ത്രീയമായിത്തന്നെ തെളിയിക്കപ്പെട്ടിട്ടുണ്ട്. ഹൃദയത്തിൽനിന്ന് രക്തം സുഗമമായി പുറത്തേക്ക് ഒഴുകാൻ ഇത് വളരെ സഹായകമാണ്. കാരണം ഹൃദയം നെഞ്ചിനകത്ത് നേരെ ലംബമായിട്ടല്ല സ്ഥിതിചെയ്യുന്നത്. അതിന്റെ മുകൾ ഭാഗം അൽ പം വലത്തോട്ടും കീഴ്ഭാഗം അൽപം ഇടത്തോട്ടും ചെരിഞ്ഞാണ് സ്ഥിതി ചെയ്യുന്നത്. അതോടൊപ്പം തന്നെ ഹൃദയത്തിൽനിന്ന് പുറത്തുവരുന്ന ധമനികൾക്ക് വലതുഭാഗത്തേക്ക് തന്നെ ഒരു വളവ് കൂടിയുണ്ട്. ഘടനാപരമായി ഇത്തരം സവിശേഷതകൾ ഉള്ളതുകൊണ്ട് ഒരു മനുഷ്യൻ വലതുഭാഗത്തേക്ക് ചെരിഞ്ഞ് കിടക്കുന്നത് അവന്റെ ഹൃദയത്തിൽനിന്നും രക്തത്തിന് സുഗമമായി പുറത്തേക്ക് ഒഴുകാൻ സഹായകമാകും. എന്നാൽ ഇടതുഭാഗം ചെരിഞ്ഞ് കിടക്കുമ്പോൾ മുകളിൽ പറഞ്ഞ കാരണങ്ങളാൽ ഹൃദയത്തിൽ നിന്നും രക്തം ശരിക്കും പുറത്തേക്ക് ഒഴുകുന്നില്ല.

വലതുഭാഗത്തേക്ക് തിരിഞ്ഞ് കിടക്കുന്നതുകൊണ്ട് ജൈവശാസത്രപരമായി മറ്റൊരു നേട്ടംകൂടിയുണ്ട്. തലച്ചോറിലെ വലതുപകുതിയിലേക്ക് രക്തം ധാരാളമായി എത്താൻ ഇത് സഹായകമാണ്. തലച്ചോറിന്റെ വലതുപകുതി നിർവഹിക്കുന്ന പ്രവർത്തനങ്ങളുടെ പ്രാധാന്യം പരിഗണിക്കുമ്പോൾ ഇതും ഒരു അനിവാര്യതയാണ്.

**ആയുർവേദ വിധിപ്രകാരം ലൈംഗിക സംസർഗവും ആരോഗ്യത്തിന്റെ അടിസ്ഥാന സ്തംഭങ്ങളിൽ ഒന്നാണ്. ഇസ്‌ലാം വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും ബ്രഹ്മചര്യത്തെ വിലക്കുകയുമാണ് ചെയ്തിട്ടുള്ളത്. അനുവദനീയമായ നിലയിലുള്ള ലൈംഗികതയെ ഇസ്‌ലാം ഒരിക്കലും ഒരു പാപമായി കാണുന്നില്ല. നോമ്പ് അനുഷ്ഠിക്കുന്നവന് പകൽസമയത്തും ഹജ്ജിന്റെ വേളയിലും മാത്രമെ ലൈംഗിക വൃത്തിയിൽ ഏർപ്പെടുന്നതിന് മതം വിലക്കേർപ്പെടുത്തിയിട്ടുള്ളൂ. യുവസമൂഹത്തോട് വിവാഹിതരാകാൻ ആഹ്വാനം ചെയ്ത പ്രവാചകൻ ഒരാൾ തന്റെ ഭാര്യയുമായി ബന്ധപ്പെടുന്നത് പോലും പുണ്യകർമമാണന്നു പഠിപ്പിച്ചതായി കാണാം.**

വലതുഭാഗം ചെരിഞ്ഞ് കിടക്കുന്നത് രക്തചംക്രമണത്തിനും തലച്ചോറിന്റെ പ്രവർത്തനത്തിനും മാത്രമല്ല സഹായകമായിത്തീരുന്നത്. ആമാശയത്തിന്റെ ഘടനക്കും അതുതന്നെയാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്; വിശേഷിച്ചും വയറു നിറഞ്ഞ അവസ്ഥയിലാകുമ്പോൾ. ഭക്ഷണം ദഹിക്കാൻ ഈ രൂപം വളരെ പ്രയോജനകരമാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സർവോപരി ഹൃദയം ഇടതുഭാഗത്ത് സ്ഥിതിചെയ്യുന്നതുകൊണ്ട് തന്നെ വലതുഭാഗത്തേക്ക് തിരിഞ്ഞുകിടക്കുന്നവന്റെ മറ്റു ആന്തരികാവയവങ്ങൾ അതിന്റെമേൽ ജാമാകാതിരിക്കുന്നതുകൊണ്ട് ഹൃദയത്തിന് ഒരു സ്വസ്ഥതയും ഇതിലൂടെ ലഭിക്കാനിടയുണ്ട്. നബി(സ്വ) തഹജ്ജുദ് നമസ്കാരത്തിന് ശേഷം, അല്ലെങ്കിൽ സ്വുബ്ഹിയുടെ സുന്നത്തിന് ശേഷം സ്വുബ്ഹി ജമാഅത്ത് വരെ ഒരു വിശ്രമത്തിന് വേണ്ടി കിടക്കുമ്പോഴും വലതുഭാഗം തിരിഞ്ഞ് തന്നെയാണ് കിടന്നിരുന്നത്.

ആയുർവേദ വിധിപ്രകാരം ലൈംഗിക സംസർഗവും ആരോഗ്യത്തിന്റെ അടിസ്ഥാന സ്തംഭങ്ങളിൽ ഒന്നാണ്. ഇസ്‌ലാം വിവാഹത്തെ പ്രോത്സാഹിപ്പിക്കുകയും ബ്രഹ്മചര്യത്തെ വിലക്കുകയുമാണ് ചെയ്തിട്ടുള്ളത്. അനുവദനീയമായ നിലയിലുള്ള ലൈംഗികതയെ ഇസ്‌ലാം ഒരിക്കലും ഒരു പാപമായി കാണുന്നില്ല. നോമ്പ് അനുഷ്ഠിക്കുന്നവന് പകൽസമയത്തും ഹജ്ജിന്റെ വേളയിലും മാത്രമെ ലൈംഗിക വൃത്തിയിൽ ഏർപ്പെടുന്നതിന് മതം വിലക്കേർപ്പെടുത്തിയിട്ടുള്ളൂ. യുവസമൂഹത്തോട് വിവാഹിതരാകാൻ ആഹ്വാനം ചെയ്ത പ്രവാചകൻ ഒരാൾ തന്റെ ഭാര്യയുമായി ബന്ധപ്പെടുന്നത് പോലും പുണ്യകർമമാണന്നു പഠിപ്പിച്ചതായി കാണാം.



# നാസ്തികത, ധാർമികത, ഇസ്‌ലാം

റാശിദ് ബിൻ സിദ്ദീഖ് ശൂരനാട്
: 80869 59750

**വ്യത്തികേടുകൾക്ക് മേൽവിലാസമുണ്ടാക്കാൻ മത്സരിച്ച് പണിയെടുക്കുകയാണ് നാസ്തികർ. ആത്മനിഷ്ഠ ധാർമികതയുടെ പറ്റുപുസ്തകത്തിൽ അഗമ്യഗമനവും മൃഗരതിയും ശവരതിയുമടക്കം വരവുവച്ച് നേരും നെറിയുമില്ലാതെ ജീവിക്കുന്ന നാസ്തിക ചിന്തയാണ് ലോകത്തിന്റെ സമാധാന പ്രത്യയ ശാസ്ത്രമെന്ന പടുവിവരക്കേടിന്റെ വക്താക്കൾക്ക് സ്വന്തത്തോടും സമൂഹത്തോടും സ്രഷ്ടാവിനോടുമുള്ള ബാധ്യതകളെ വിവരിക്കുന്ന ഇസ്‌ലാമെന്ന മാർഗദർശനത്തെ ഉൾക്കൊള്ളാൻ കഴിയാത്തതിൽ അത്ഭുതമൊന്നുമില്ല.**

യുക്തിവാദം, നിരീശ്വരവാദം, നാസ്തികത, ഭൗതികവാദം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന ചിന്താധാരകളുടെയെല്ലാം ആത്യന്തിക ലക്ഷ്യം മതങ്ങളെ ഉന്മൂലനം ചെയ്യുക (വിശിഷ്യാ ഇസ്‌ലാമിനെ), ധാർമിക സദാചാര മൂല്യങ്ങളെ സമൂഹത്തിൽനിന്ന് തുടച്ചുനീക്കുക, ലൈംഗികരംഗത്ത് സമൂഹം ഇതപര്യന്തമായി കാത്തുസൂക്ഷിച്ചുപോരുന്ന അതിർവരമ്പുകൾ തച്ചുതകർക്കുക പോലുള്ള കാര്യങ്ങളാണ്.

ഏതൊരു സമൂഹത്തിന്റെയും ആരോഗ്യകരമായ നിലനിൽപ്പ് ധാർമികതയുടെ അടിത്തറയിലാണ്. കുത്തഴിഞ്ഞ ജീവിതവും അധാർമികതയുമാണ് ഒരു സമൂഹത്തെ നയിക്കുന്നതെങ്കിൽ ആ സമൂഹത്തിന്റെ അവസ്ഥ ശോചനീയമാകുമെന്നതിൽ സംശയമില്ല.

മനുഷ്യനെ അധാർമികതയിൽനിന്ന് അകറ്റിനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് അവന്റെ മതബോധം തന്നെയാണ്. ഭൗതിക വീക്ഷണങ്ങൾകൊണ്ടോ കേവല ബുദ്ധികൊണ്ടോ ഒരിക്കലും ധാർമികതയെ നിർണയിക്കാൻ സാധ്യമല്ല. ധാർമികതയെയും സദാചാര മൂല്യങ്ങളെയും സമൂഹത്തിൽനിന്ന് വിപാടനം ചെയ്യുക എന്ന ലക്ഷ്യമാണ് ഭൗതികവാദികൾക്കുള്ളതെന്ന് വ്യക്തമാക്കുന്നതാണ് അവരുടെ ഓരോ നീക്കവും.

അഗമ്യഗമനം, മൃഗരതി, ശവരതി തുടങ്ങിയ സകല സാംസ്കാരിക ജീർണതകളെയും നിർലജ്ജം അനുകൂലിക്കുന്ന ഭൗതികവാദികൾ 'മതമില്ലാത്ത രാജ്യങ്ങൾ ഉയർന്ന ധാർമികബോധം നിലനിർത്തുന്നു' എന്ന, അവരുടെ അവകാശവാദം സാധൂകരിക്കാൻ ചൂണ്ടിക്കാണിക്കുന്ന 'സ്കാന്റിനേവിയൻ' രാജ്യങ്ങൾ പരിശോധിച്ചാൽ ധാർമികതകൊണ്ട് ഇവർ ലക്ഷ്യമാക്കുന്നത് എന്തെന്ന് വ്യക്തമാകും. ഉയർന്ന ജീവിത സൗകര്യങ്ങളും മറ്റു ഭൗതികാഭിവൃദ്ധികളും സുഖാസ്വാദനവും മാത്രമാണ് അവരുടെ ലക്ഷ്യം. അതിൽ നേരും നെറിയും നോക്കുന്ന പ്രശ്നമില്ല. അതാണ് അവരുടെ ധാർമികത! കേരള നാസ്തികർ സ്വപ്നം കാണുന്ന ലോകവും ഇതുതന്നെ.

ശാസ്ത്രീയ പരീക്ഷണങ്ങൾകൊണ്ടോ, കേവല മനുഷ്യബുദ്ധികൊണ്ടോ ധാർമികതയെ നിർണയിക്കാൻ സാധ്യമല്ല. അതുകൊണ്ട് തന്നെ ഭൗതികവാദികൾ തങ്ങൾ കാത്തുസൂക്ഷിക്കുന്നതായി പറയുന്ന 'മനുഷ്യ ചിന്തകൊണ്ട് നിർമിച്ചെടുത്ത ധാർമിക തത്ത്വങ്ങൾ' എന്ന് വിശേഷിപ്പിക്കുന്ന ധാർമികതയുടെ സ്ഫുലിംഗങ്ങളുടെ മൂലസ്രോതസ്സുകൾ മതധാർമിക തത്ത്വങ്ങൾ തന്നെയാണെന്ന് കാണാൻ കഴിയും.

ലിബറലിസത്തിന്റെ പിതാവെന്നറിയപ്പെടുന്ന 'ജോൺ ലോക്ക്' മനുഷ്യാവകാശ പ്രഖ്യാപനങ്ങളുടെയെല്ലാം അടിത്തറയായ 'എല്ലാ മനുഷ്യരും തുല്യരായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു' എന്ന തത്ത്വം 'ട്രീറ്റ്സ് ഓഫ് ഗവൺമെന്റി'ൽ കൊണ്ടുവരുന്നത് ശാസ്ത്രത്തിന്റെയോ ബുദ്ധിയുടേയോ അടിസ്ഥാനത്തിലല്ലെന്ന് അദ്ദേഹത്തിന്റെ തുടർന്നുള്ള വിശദീകരണത്തിൽനിന്ന് മനസ്സിലാക്കാം. അദ്ദേഹം പറയുന്നു:

"സ്വാഭാവികമായും പിതൃത്വ അവകാശത്താലോ, ദൈവത്തിൽനിന്നുള്ള പ്രത്യേക അവകാശംകൊണ്ടോ ആദാമിന് തന്റെ മക്കളുടെമേൽ പരമാധികാരമോ ലോകത്തിന്റെമേൽ ആധിപത്യമോ ഉണ്ടായിരുന്നില്ല... എല്ലാ മനുഷ്യരും തുല്യരും സ്വതന്ത്രരുമായതിനാൽ മനുഷ്യരുടെ ജീവൻ, ആരോഗ്യം, സ്വാതന്ത്ര്യം, സ്വത്ത് എന്നിവയിൽ ആരും പരസ്പരം ദ്രോഹിക്കാൻ പാടുള്ളതല്ല... സർവശക്തനും അനന്തജ്ഞാനിയുമായ ദൈവത്തിന്റെ ജോലിക്കാരാണ് എല്ലാ മനുഷ്യരും... മനുഷ്യരാസകലം അവന്റെ സ്വത്താണ്... ഒരു യജമാനനു കീഴിൽ ഒരൊറ്റ പ്രകൃതിയിലുള്ള സമൂഹമായി ജീവിക്കുന്നവർ ചിലർ ചിലരെ അധീനപ്പെടുത്തുന്ന സ്ഥിതി വന്നുകൂടാ..."

ഈ വിശദീകരണത്തിലൂടെ ലിബറലിസത്തിന്റെ പിതാവിന്റെ സമത്വവാദത്തിനുള്ള പ്രചോദനവും അടിത്തറയും മതങ്ങൾ തുടക്കം മുതൽ മുന്നോട്ടുവച്ച 'ഏകമാനവത'യാണെന്നു വ്യക്തം.

'ഒരു അറബിക്ക് അനറബിയെക്കാളോ, അനറബിക്ക് അറബിയേക്കാളോ, വെളുത്തവന് കറുത്തവനെക്കാളോ, കറുത്തവന് വെളുത്തവനെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല; ധർമനിഷ്ഠ (ആത്മീയശ്രേഷ്ഠത) കൊണ്ടുള്ള

**അഗമ്യഗമനം, മൃഗരതി, ശവരതി തുടങ്ങിയ സകല സാംസ്കാരിക ജീർണതകളെയും നിർലജ്ജം അനുകൂലിക്കുന്ന ഭൗതികവാദികൾ 'മതമില്ലാത്ത രാജ്യങ്ങൾ ഉയർന്ന ധാർമികബോധം നിലനിർത്തുന്നു' എന്ന, അവരുടെ അവകാശവാദം സാധൂകരിക്കാൻ ചൂണ്ടിക്കാണിക്കുന്ന 'സ്കാന്റിനേവിയൻ' രാജ്യങ്ങൾ പരിശോധിച്ചാൽ ധാർമികതകൊണ്ട് ഇവർ ലക്ഷ്യമാക്കുന്നത് എന്തെന്ന് വ്യക്തമാകും. ഉയർന്ന ജീവിത സൗകര്യങ്ങളും മറ്റു ഭൗതികാഭിവൃദ്ധികളും സുഖാസ്വാദനവും മാത്രമാണ് അവരുടെ ലക്ഷ്യം. അതിൽ നേരും നെറിയും നോക്കുന്ന പ്രശ്നമില്ല. അതാണ് അവരുടെ ധാർമികത! കേരള നാസ്തികർ സ്വപ്നം കാണുന്ന ലോകവും ഇതുതന്നെ.**

**‘എല്ലാവരും മനുഷ്യരാണ്, അപ്പോൾ മനുഷ്യത്വത്തിൽ എല്ലാവരും തുല്യരാണ്’ എന്നാണ് പറയുന്നതെങ്കിൽ ഇത് കേവലം വർഗീകരണം മാത്രമാകും. എങ്കിൽ വർഗീകരണത്തിനപ്പുറം എല്ലാ മനുഷ്യർക്കും തുല്യമായ നീതിയും സ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും നൽകപ്പെടണമെന്ന് ബുദ്ധിയും ശാസ്ത്രവും കൊണ്ട് എങ്ങനെ കണ്ടെത്തും? വർഗീകരണംകൊണ്ട് തുല്യതയുണ്ടാകുമെങ്കിൽ, ജീവനുള്ള എല്ലാറ്റിനും ‘ജീവി’ എന്ന അർഥത്തിൽ തുല്യതയുണ്ടാകുമോ? മൃഗങ്ങളെയും സസ്യങ്ങളെയും ഭക്ഷിക്കാമെന്ന നിലപാടിന് ബുദ്ധിയും ശാസ്ത്രവും മാത്രം അടിസ്ഥാനമാക്കിയാൽ, അത് സമത്വത്തിന് എതിരല്ലേ?**

ശ്രേഷ്ഠതയല്ലാതെ. മനുഷ്യരെല്ലാം ആദമിൽ നിന്നാണ്, ആദമാകട്ടെ മണ്ണിൽ നിന്നും’ എന്ന പ്രവാചക വചനം ഇതിനോട് ചേർത്തുവായിക്കുക.

മനുഷ്യരെല്ലാം പ്രകൃത്യാ തുല്യരാണെന്ന് ബുദ്ധിക്കോ ശാസ്ത്രത്തിനോ തെളിയിക്കാൻ സാധ്യമല്ല. കാരണം ബുദ്ധി, ആയുർദൈർഘ്യം, ആരോഗ്യം, ഹോർമോൺ പ്രവർത്തനങ്ങൾ, നിറം തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ മനുഷ്യരിൽ കാണപ്പെടുന്ന ഏറ്റക്കുറച്ചിലുകളും വ്യത്യാസങ്ങളുമാണ് ശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത്; തുല്യതയെക്കുറിച്ചല്ല.


‘എല്ലാവരും മനുഷ്യരാണ്, അപ്പോൾ മനുഷ്യത്വത്തിൽ എല്ലാവരും തുല്യരാണ്’ എന്നാണ് പറയുന്നതെങ്കിൽ ഇത് കേവലം വർഗീകരണം മാത്രമാകും. എങ്കിൽ വർഗീകരണത്തിനപ്പുറം എല്ലാ മനുഷ്യർക്കും തുല്യമായ നീതിയും സ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും നൽകപ്പെടണമെന്ന് ബുദ്ധിയും ശാസ്ത്രവും കൊണ്ട് എങ്ങനെ കണ്ടെത്തും? വർഗീകരണംകൊണ്ട് തുല്യതയുണ്ടാകുമെങ്കിൽ, ജീവനുള്ള എല്ലാറ്റിനും ‘ജീവി’ എന്ന അർഥത്തിൽ തുല്യതയുണ്ടാകുമോ? മൃഗങ്ങളെയും സസ്യങ്ങളെയും ഭക്ഷിക്കാമെന്ന നിലപാടിന് ബുദ്ധിയും ശാസ്ത്രവും മാത്രം അടിസ്ഥാനമാക്കിയാൽ, അത് സമത്വത്തിന് എതിരല്ലേ?


ഡാർവിന്റെ പരിണാമ സിദ്ധാന്തം ഊന്നി നിൽക്കുന്നതാകട്ടെ ഒരു ജീവിവർഗത്തിൽ എല്ലാതും സമമല്ലെന്നും അർഹതയുള്ളവ അതിജയിക്കുമെന്നും അല്ലാത്തവ നാശത്തിന് വിധേയമാകുമെന്ന കാര്യത്തിലാണ് എന്ന കാര്യം ഓർക്കുക. ഇവിടെയും തുല്യത കാണാനില്ല!

**അധർമത്തിന്റെ പ്രത്യയശാസ്ത്രം**

യഥാർഥത്തിൽ നാസ്തികലോകം സ്വന്തം ഇച്ഛകളെയാണ് പിൻപറ്റുന്നത്. അതിലൂടെ അവർ ലോകത്തിന് സമ്മാനിക്കുന്നത് കുത്തഴിഞ്ഞ ജീവിതവും അധർമങ്ങളും മാത്രം. ഭൂരിഭാഗം നാസ്തികരും അംഗീകരിക്കുകയും വിശ്വസിച്ച് പോരുകയും ചെയ്യുന്ന ഒരു ധാർമികതത്ത്വമാണ് ‘ആത്മനിഷ്ഠ ധാർമികത’ Subjective morality). അഥവാ ഒരു കാര്യം തെറ്റോ ശരിയോ എന്ന് തീരുമാനിക്കാനുള്ള മാനദണ്ഡം വ്യക്തി കേന്ദ്രീകൃതം മാത്രമാകുന്നു എന്ന്! ഇതിലൂടെ ലോകത്തുണ്ടാകുന്ന അരക്ഷിതാവസ്ഥ പറയേണ്ടതില്ലല്ലോ! ഇതിന്റെ അടിസ്ഥാനത്തിൽ ആർക്ക് ഏതു തിന്മയെയാണ് ന്യായീകരിക്കാൻ കഴിയാത്തത്? ഇത് അംഗീകരിക്കുന്നവരുടെ കണ്ണിൽ കളവ്, വഞ്ചന, കൊലപാതകം, ലൈംഗിക വൈകൃതങ്ങൾ, ബലാത്സംഗം തുടങ്ങി, ജർമനിയിൽ ഹിറ്റ്ലർ നടത്തിയ ‘ഹോളോകോസ്റ്റ്’ വരെയുള്ളവ എങ്ങനെ തെറ്റായിമാറും? എല്ലാവർക്കും തങ്ങൾ ചെയ്യുന്ന തെറ്റിന് ന്യായീകരണമുണ്ടാകുമല്ലോ. ഹിറ്റ്ലറിനും ജൂതന്മാരെ കൂട്ടക്കൊല ചെയ്യുന്നതിൽ തന്റേതായ ന്യായചിന്തയുണ്ടായിരുന്നു. അഥവാ അത് അയാളുടെ ‘ആത്മനിഷ്ഠ ധാർമികത’യെ അടിസ്ഥാനമാക്കിയായിരുന്നു. ധാർമിക തത്ത്വങ്ങൾ വ്യക്തിനിഷ്ഠമാക്കിയാൽ ലോകം സർവനാശത്തിന്റെ തമോഗർത്തത്തിൽ ആപതിക്കുമെന്ന് തീർച്ച.

ക്വുർആൻ പറഞ്ഞത് എത്ര ശരി! “സത്യം അവരുടെ തന്നി





ഷ്ടങ്ങളെ പിൻപറ്റിയിരുന്നെങ്കിൽ ആകാശങ്ങളും ഭൂമിയും അവയിലുള്ളവരുമെല്ലാം കുഴപ്പത്തിലാകുമായിരുന്നു. അല്ല, അവർക്കുള്ള ഉൽബോധ നവുംകൊണ്ടാണ് നാം അവരുടെ അടുത്ത് ചെന്നിരിക്കുന്നത്. എന്നിട്ട് അവർ തങ്ങൾക്കുള്ള ഉൽബോധന ത്തിൽനിന്ന് തിരിഞ്ഞുകളയുകയാകുന്നു" (23:71).

## Harm principle

'എ' എന്ന വ്യക്തിയുടെ പ്രവർത്തനം 'ബി' എന്നയാൾക്ക് ദോഷം വരുത്തുന്നില്ലെങ്കിൽ, 'എ' എന്ന വ്യക്തിക്ക് തോന്നുന്ന രീതിയിൽ പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും' എന്നതാണ് Harm principle. 'ചത്ത കോഴിയുമായി ലൈംഗിക ബന്ധത്തിലേർപ്പെടൽ തെറ്റല്ല. കാരണം അവിടെ കോഴി ഉൾപ്പെടെ ആർക്കും ഒരു ഉപദ്രവവും വരുന്നില്ലല്ലോ' എന്ന് ക്ലബ്ഹൗസ് ചർച്ചക്കിടെ ഒരു നിരീശ്വരവാദി പറയുകയുണ്ടായത് ഈ തത്ത്വ പ്രകാരമാണ്!

Harm (ഉപദ്രവം) എന്നതിന്റെ പരിധിയിൽ മാനസികവും ശാരീരികവും; നേരിട്ടും അല്ലാതെയുമുള്ളവയും വരാനിരിക്കുന്നതുമെല്ലാം ഉൾപ്പെടും. അപ്പോൾ മതവിശ്വാസങ്ങളെയും ആചാര്യന്മാരെയും പ്രവാചകന്മാരെയും വേദഗ്രന്ഥങ്ങളെയുമൊക്കെ കുറ്റപ്പെടുത്തിയുള്ള നിരീശ്വരവാദികളുടെ പ്രസംഗങ്ങളും ലേഖനങ്ങളുമെല്ലാം അധാർമികതയല്ലേ? കാരണം ആ കുറ്റപ്പെടുത്തൽ വിശ്വാസികളെ മാനസികമായി ഉപദ്രവിക്കലാണ്!

മതവിശ്വാസികളെയും വിശ്വാസങ്ങളെയും ഇതര പ്രത്യയശാസ്ത്രങ്ങളെയും ചിന്താധാരകളെയും 'ദുഷിച്ചുപറയൽ' ഈ 'ഉപദ്രവ'ത്തിൽനിന്നും ഒഴിവാക്കപ്പെടുന്നു എന്നും 'ഉപദ്രവം' എന്നാൽ ശാരീരികമായി വേദനിപ്പിക്കുകയും പരിക്കേൽപിക്കുകയും ചെയ്യൽ മാത്രമാണ് എന്നുമുള്ള വാദം നാസ്തികർക്കുണ്ടോ? ഉണ്ടെങ്കിൽ, വർഗീയതയും തീവ്രവാദവും വർണവെറിയും പ്രചരിപ്പിക്കുവാൻ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നവരെ കുറ്റവാളികളായി കാണുവാൻ എങ്ങനെ ഇവർക്ക് സാധിക്കും? സ്ത്രീകളെ സമൂഹമധ്യത്തിൽവെച്ച് തെറി പറയുന്നത് തെറ്റാകുമോ? അമ്മപെങ്ങന്മാരുടെ നഗ്ന ചിത്രങ്ങൾ പകർത്തുന്നതും അവ മറ്റുള്ളവരുമായി പങ്കുവെക്കുന്നതും തെറ്റാകുമോ? ഇല്ല! കാരണം ഇവരുടെ വാദത്തിൽ ഇതൊന്നും ശാരീരിക ഉപദ്രവമല്ല.

**യഥാർഥത്തിൽ നാസ്തികലോകം സ്വന്തം ഇച്ഛകളെയാണ് പിൻപറ്റുന്നത്. അതിലൂടെ അവർ ലോക ത്തിന് സമ്മാനിക്കുന്നത് കുത്തഴിഞ്ഞ ജീവിതവും അധർമങ്ങളും മാത്രം. ഭൂരിഭാഗം നാസ്തികരും അംഗീകരിക്കുകയും വിശ്വസിച്ച് പോരുകയും ചെയ്യുന്ന ഒരു ധാർമികതത്ത്വമാണ് 'ആത്മനിഷ്ഠ ധാർമികത'** Subjective morality). **അഥവാ ഒരുകാര്യം തെറ്റോ ശരിയോ എന്ന് തീരുമാനിക്കാനുള്ള മാനദണ്ഡം വ്യക്തി കേന്ദ്രീകൃതം മാത്രമാകുന്നു എന്ന്! ഇതിലൂടെ ലോകത്തുണ്ടാകുന്ന അരക്ഷിതാവസ്ഥ പറയേണ്ടതില്ലല്ലോ! ഇതിന്റെ അടിസ്ഥാനത്തിൽ ആർക്ക് ഏതു തിന്മയെയാണ് ന്യായീകരിക്കാൻ കഴിയാത്തത്? ഇത് അംഗീകരിക്കുന്നവരുടെ കണ്ണിൽ കളവ്, വഞ്ചന, കൊലപാതകം, ലൈംഗിക വൈകൃതങ്ങൾ, ബലാത്സംഗം തുടങ്ങി, ജർമനിയിൽ ഹിറ്റ്ലർ നടത്തിയ 'ഹോളോകോസ്റ്റ്' വരെയുള്ളവ എങ്ങനെ തെറ്റായിമാറും?**

സ്പർശ ബോധമുള്ളതും ഇല്ലാത്തതുമായ ജീവജാലങ്ങളെ കൊന്ന് അവയുടെ മാംസം ഭക്ഷിക്കൽ നാസ്തികമതപ്രകാരം, അഥവാ 'ഹാം തിയറി' പ്രകാരം അധാർമികതയല്ലേ? അങ്ങനെയെങ്കിൽ ഒരു നാസ്തികന് മാംസമോ സസ്യമോ ഭക്ഷിക്കാൻ പാടുണ്ടോ?

Harm principle പ്രകാരം 'ഉപദ്രവത്തിൽ' മൃഗങ്ങൾ പെടില്ല എങ്കിൽ മൃഗങ്ങളെ ഒഴിച്ചുനിർത്തുന്നതിനുള്ള അടിസ്ഥാനമെന്താണ്? അടിസ്ഥാനമില്ലെങ്കിൽ ആ 'ഒഴിച്ചുനിർത്തൽ' അധാർമികമല്ലേ? അങ്ങനെയെങ്കിൽ ഭക്ഷണത്തിനല്ലാതെ മൃഗങ്ങളെ ഉപദ്രവിക്കുന്നത് തെറ്റാവില്ലല്ലോ? ഒരു മുസ്‌ലിം നാമധാരി പട്ടിയെ കാറിനു

**ഒരു ജീവിയെ കൊല്ലുന്നതിലും ഉപദ്രവിക്കുന്നതിലും 'അനിവാര്യത' തീരുമാനിക്കുന്നത് കൊല്ലുന്നവന്റെ വീക്ഷണ പ്രകാരമാണോ? കൊല്ലപ്പെടുന്ന ജീവിയെ സംബന്ധിച്ചിടത്തോളം അത് 'അനിവാര്യം' അല്ല; ഉപദ്രവം മാത്രമാണ്. അങ്ങനെയെങ്കിൽ മനുഷ്യരെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുന്നതിൽ ചെയ്യുന്നവന്റെ 'അനിവാര്യത'യെ പരിഗണിച്ചാൽ പോരേ? Harm Principle പ്രകാരം നരമാംസഭോജനം തെറ്റാകില്ല; കാരണം മരണപ്പെട്ട വ്യക്തിയെ സംബന്ധിച്ച് അയാളെ ഭക്ഷിക്കുന്നതിലൂടെ ഉപദ്രവമൊന്നും ഏൽക്കാനില്ല! അവിഹിതബന്ധവും വേശ്യാവൃത്തിയും അഗമ്യഗമനവും (incest) ശവ രതിയുമൊന്നും മറ്റാർക്കും ഉപദ്രവമില്ലാത്തതിനാലാണല്ലോ തെറ്റല്ലെന്ന് നാസ്തികർ പറയുന്നത്. എന്നാൽ കോഴിയെ 'അറുത്ത്' ഭക്ഷിക്കൽ ഈ പറഞ്ഞ കാര്യങ്ങളെക്കാൾ ഇവർക്ക് വലിയ പാതകമാണ്! ആഹാ, എത്ര സുന്ദരമായ ധാർമികത!**

പിന്നിൽ കെട്ടി വലിച്ചതിന്റെ ഉത്തരവാദിത്തം ഇസ്‌ലാമിന്റെ തലയിൽ കെട്ടിവെക്കാൻ നാസ്തികർ നന്നായി വിയർപ്പൊഴുക്കിയത് അടുത്ത കാലത്താണ്. നാസ്തിക ദർശനപ്രകാരം അതെങ്ങനെ തെറ്റാകും?

ഭക്ഷിക്കാൻവേണ്ടി കൊല്ലൽ necessary harm (അനിവാര്യമായ ദ്രോഹം) ആണെങ്കിൽ ആ 'അനിവാര്യമായ ദ്രോഹം' മനുഷ്യരുടെ കാര്യത്തിലും അനുവദിക്കേണ്ടതല്ലേ? നാസ്തികന് വിശപ്പോ ആഗ്രഹമോ തോന്നിയാൽ മനുഷ്യനെയും കൊന്ന് മാംസം ആഹരിച്ചുകൂടേ?

ഒരു ജീവിയെ കൊല്ലുന്നതിലും ഉപദ്രവിക്കുന്നതിലും 'അനിവാര്യത' തീരുമാനിക്കുന്നത് കൊല്ലുന്നവന്റെ വീക്ഷണ പ്രകാരമാണോ? കൊല്ലപ്പെടുന്ന ജീവിയെ സംബന്ധിച്ചിടത്തോളം അത് 'അനിവാര്യം' അല്ല; ഉപദ്രവം മാത്രമാണ്. അങ്ങനെയെങ്കിൽ മനുഷ്യരെ ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുന്നതിൽ ചെയ്യുന്നവന്റെ 'അനിവാര്യത'യെ പരിഗണിച്ചാൽ പോരേ?

Harm Principle പ്രകാരം നരമാംസഭോജനം തെറ്റാകില്ല; കാരണം മരണപ്പെട്ട വ്യക്തിയെ സംബന്ധിച്ച് അയാളെ ഭക്ഷിക്കുന്നതിലൂടെ ഉപദ്രവമൊന്നും ഏൽക്കാനില്ല! അവിഹിതബന്ധവും വേശ്യാവൃത്തിയും അഗമ്യഗമനവും (incest) ശവരതിയുമൊന്നും മറ്റാർക്കും ഉപദ്രവമില്ലാത്തതിനാലാണല്ലോ തെറ്റല്ലെന്ന് നാസ്തികർ പറയുന്നത്. എന്നാൽ കോഴിയെ 'അറുത്ത്' ഭക്ഷിക്കൽ ഈ പറഞ്ഞ കാര്യങ്ങളെക്കാൾ ഇവർക്ക് വലിയപാതകമാണ്! ആഹാ, എത്ര സുന്ദരമായ ധാർമികത!

ചുരുക്കത്തിൽ ധാർമികമായി ഒരു അടിസ്ഥാനമോ സ്രോതസ്സുകളോ കാണിക്കാൻ കഴിയാത്തവരാണ് നാസ്തികർ. തന്നിഷ്ടങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനും കുത്തഴിഞ്ഞ ജീവിതം നയിക്കുവാനുമാണിവർ ആഗ്രഹിക്കുന്നത്. ലോകത്തെ അന്ധകാരത്തിലേക്കും അധാർമികതയിലേക്കും ആഴ്ത്തിക്കളയാനാണ് ഇവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലൈംഗിക സ്വാതന്ത്ര്യം എന്ന പേരിൽ ലൈംഗിക ആഭാസങ്ങളെ ഒരു മടിയുമില്ലാതെ വാരിപ്പുണരുവാൻ ഇവർ വെമ്പൽ കൊള്ളുന്നു; എന്നിട്ട് മതങ്ങളെ പ്രാകൃതമെന്നു പറഞ്ഞ് വിമർശിക്കുകയും ചെയ്യുന്നു.

ഇഷ്ടമുള്ള സ്ത്രീ-പുരുഷന്മാർ ഇഷ്ടമുള്ള കാലത്തോളം ഇഷ്ടമുള്ള രൂപത്തിൽ ഒരുമിച്ച് ജീവിക്കുക, മടുപ്പുതോന്നിയാൽ വേർപിരിഞ്ഞ് മറ്റൊരു പങ്കാളിയെ കണ്ടെത്തുക എന്നതാണ് ഒറിജിനൽ ഭൗതിക വാദത്തിലെ 'ദാമ്പത്യം!' അഥവാ സ്വതന്ത്രരതിവാദികളാണ് ഭൗതിക വാദികൾ. ഇഷ്ടമുള്ള വ്യക്തികളുമായി ലൈംഗിക ബന്ധത്തിലേർപ്പെടാം; അതിൽ യാതൊരുവിധ വിലക്കുകളും ആശയതലത്തിൽ അവർക്കിടയിലില്ല. അത് സ്വന്തം മാതാവിനോടോ മകളോടോ സഹോദരിയോടോ ആകുന്നതിനും തെറ്റില്ല. മൃഗീയം എന്നു വിശേഷിപ്പിക്കാവുന്ന ചിന്ത. ഇതാണ് നാസ്തികരുടെ ധാർമികത! ഇതിലേ





ക്കാണ് അവർ സമൂഹത്തെ ക്ഷണിച്ചുകൊണ്ടിരിക്കുന്നത്. ഇവരാണ് മതത്തെ വിമർശിക്കുന്നത് എന്നതിൽ പരം വിരോധാഭാസം എന്താണുള്ളത്?

**മതം രോഗമോ, രോഗത്തിനുള്ള മരുന്നോ?**

മതങ്ങൾ രോഗങ്ങളാണെന്നും ആ രോഗങ്ങളെ പാടെ നശിപ്പിക്കണമെന്നുമാണ് നാസ്തികർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്:

"വർഗീയത രോഗലക്ഷണം മാത്രമാണ്. മതമാണ് യഥാർഥ രോഗം. രോഗത്തിന് ചികിത്സിക്കാതെ രോഗലക്ഷണത്തിനു മാത്രം ചികിത്സിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. മതം നശിക്കുമ്പോൾ വർഗീയതയും അപ്രത്യക്ഷമാകും. അതുകൊണ്ട് മതത്തിനെതിരെയുള്ള പോരാട്ടം നാം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. ഹ്യൂമനിസത്തിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിയുടെയും കടമയുമാണത്' (യുക്തിവാദത്തിന്റെ കാലിക പ്രസക്തി/പേജ്:3132 ജോസഫ് വടക്കൻ, യുക്തിവാദ പ്രചരണവേദി പ്രസിദ്ധീകരണം, 1987).

നാസ്തികരും സംഘപരിവാറുകാരും ഇസ്‌ലാമിനെ വിമർശിക്കുന്നതിൽ ഒരേ തൂവൽപക്ഷികളാണ്. പലപ്പോഴും പരസ്പര സഹായികളുമാണ്. ഇസ്‌ലാമിന്റെയും ക്വുർആനിന്റെയും പ്രവാചകന്റെയും പേരിൽ വർഗീയതയും ഭീകരതയും ആരോപിക്കുന്നതിൽ

**ഇഷ്ടമുള്ള സ്ത്രീ-പുരുഷന്മാർ ഇഷ്ടമുള്ള കാലത്തോളം ഇഷ്ടമുള്ള രൂപത്തിൽ ഒരുമിച്ച് ജീവിക്കുക, മടുപ്പുതോന്നിയാൽ വേർപിരിഞ്ഞ് മറ്റൊരു പങ്കാളിയെ കണ്ടെത്തുക എന്നതാണ് ഒറിജിനൽ ഭൗതികവാദത്തിലെ 'ദാമ്പത്യം!' അഥവാ സ്വതന്ത്രരതിവാദികളാണ് ഭൗതികവാദികൾ. ഇഷ്ടമുള്ള വ്യക്തികളുമായി ലൈംഗിക ബന്ധത്തിലേർപ്പെടാം; അതിൽ യാതൊരുവിധ വിലക്കുകളും ആശയതലത്തിൽ അവർക്കിടയിലില്ല. അത് സ്വന്തം മാതാവിനോടോ മകളോടോ സഹോദരിയോടോ ആകുന്നതിനും തെറ്റില്ല. മൃഗീയം എന്നു വിശേഷിപ്പിക്കാവുന്ന ചിന്ത. ഇതാണ് നാസ്തികരുടെ ധാർമികത! ഇതിലേക്കാണ് അവർ സമൂഹത്തെ ക്ഷണിച്ചുകൊണ്ടിരിക്കുന്നത്. ഇവരാണ് മതത്തെ വിമർശിക്കുന്നത് എന്നതിൽ പരം വിരോധാഭാസം എന്താണുള്ളത്?**

വല്ലാത്ത സായൂജ്യം കണ്ടെത്തുന്നവരാണ് ഇരുകൂട്ടരും.

വാസ്തവത്തിൽ ഇസ്‌ലാം വർഗീയതയെയും ഭീകരതയെയും ശക്തമായി എതിർക്കുന്ന മതമാണ്. യാതൊരു തരത്തിലുള്ള അക്രമത്തെയും അനീതിയെയും അത് അംഗീകരിക്കുന്നില്ല. താലിബാനിസവും ഐ.എസ് ഭീകരതയുമെല്ലാം ആരുടെ സൃഷ്ടിയാണെന്ന് ലോകം മനസ്സിലാക്കിക്കിഞ്ഞു. ഇസ്‌ലാമിന് അത്തരം മനുഷ്യത്വരഹിതമായ ലക്ഷ്യങ്ങൾ ഇല്ലെന്ന് ഇസ്‌ലാമിനെ പഠിച്ചറിഞ്ഞവർക്കറിയാം. പാശ്ചാത്യരായ ഇസ്‌ലാം വിമർശകരുടെ ഗ്രന്ഥങ്ങളിൽ നിന്ന് മാത്രം ഇസ്‌ലാമിനെക്കുറിച്ച് പഠിക്കുന്ന യുക്തിവാദികൾ ഇസ്‌ലാമിനെതിരെ അത്തരം ആരോപണങ്ങൾ നിരന്തരം ഉന്നയിച്ചുകൊണ്ടേയിരിക്കുന്നു; അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെ!

മുൻധാരണകളും വിദ്വേഷവുമാണ് അവരെ നയിക്കുന്നത്. നന്മ, സദാചാരം, മൂല്യബോധം തുടങ്ങിയ മാനുഷികമായ എല്ലാ ഗുണങ്ങളും സമൂഹത്തിൽ അങ്കുരിപ്പിച്ച ചരിത്രമാണ് ഇസ്‌ലാമിനുള്ളത്. ഈ വസ്തുത തമസ്‌കരിച്ചുകൊണ്ടാണ് 'മതം മനുഷ്യനെ മൃഗമാക്കുന്നു' എന്ന് യുക്തിവാദികൾ ജൽപിക്കുന്നത്. ഇതര ജീവികളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്നത് വിവേകബോധമാണ്. മൃഗങ്ങൾ തോന്നുന്ന സമയത്ത് തോന്നുന്നത് ചെയ്യും. തീറ്റയും

**മുൻധാരണകളും വിദ്വേഷവുമാണ് അവരെ നയിക്കുന്നത്. നന്മ, സദാചാരം, മൂല്യബോധം തുടങ്ങിയ മാനുഷികമായ എല്ലാ ഗുണങ്ങളും സമൂഹത്തിൽ അങ്കുരിപ്പിച്ച ചരിത്രമാണ് ഇസ്‌ലാമിനുള്ളത്. ഈ വസ്തുത തമസ്കരിച്ചുകൊണ്ടാണ് 'മതം മനുഷ്യനെ മൃഗമാക്കുന്നു' എന്ന് യുക്തിവാദികൾ ജൽപിക്കുന്നത്. ഇതര ജീവികളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്നത് വിവേകബോധമാണ്. മൃഗങ്ങൾ തോന്നുന്ന സമയത്ത് തോന്നുന്നത് ചെയ്യും. തീറ്റയും വിസർജിക്കലും ഇണചേരലുമെല്ലാം തോന്നുമ്പോൾ തോന്നിയേടത്തുവെച്ച്. എന്നാൽ മനുഷ്യൻ അങ്ങനെ ആകേണ്ടവനല്ല. അവന് ചില നിശ്ചിത നിയമങ്ങൾ ഏതിലും എവിടെയും ആവശ്യമാണ്. ഈ നിയമങ്ങളാണ് മതം പഠിപ്പിക്കുന്നത്.**

മൂല്യങ്ങളിലേക്ക് ഇസ്‌ലാം വെളിച്ചം വീശുന്നതിന്റെ തെളിവുകളാണ് മുകളിൽ ഉദ്ധരിച്ച വചനങ്ങൾ.

### എന്തിന് മനുഷ്യർ സൃഷ്ടിക്കപ്പെട്ടു?

മനുഷ്യൻ സ്വമേധയാ ഉണ്ടായിത്തീർന്നവനല്ല. ഏകനായ അല്ലാഹുവിന്റെ സൃഷ്ടിയാണവൻ. ആ സ്രഷ്ടാവ് പറയുന്നു: "ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല" (ക്വുർആൻ 51:56).

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു" (67:2).

ഉപരിസൂചിത ക്വുർആൻ വചനങ്ങൾ മനുഷ്യൻ എന്തിനു വേണ്ടി സൃഷ്ടിക്കപ്പെട്ടു എന്ന് വ്യക്തമാക്കിത്തരുന്നുണ്ട്. മനുഷ്യർക്ക് നേർവഴി കാട്ടുവാൻ അല്ലാഹു ആവശ്യാനുസരണം എല്ലാ ജനതകളിലേക്കും ഓരോ കാലഘട്ടത്തിലും പ്രവാചകന്മാരെ നിയോഗിക്കുകയും വേദഗ്രന്ഥം നൽകുകയും ചെയ്തിട്ടുണ്ട്. അന്തിമദൂതനായ മുഹമ്മദ് നബി(സ)ക്ക് നൽകിയ വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആനും അതിന്റെ വിശദീകരണമായ സ്വഹീഹായ ഹദീസുകളും. ഈ രണ്ട് അടിസ്ഥാന പ്രമാണങ്ങളാണ് മുസ്‌ലിം സമൂഹത്തിന്റെ ധാർമികത നിലനിർത്തുന്നതും നേരായ ധം പരിഗണിക്കുക എന്നത്. ചില ക്വുർആൻ വചനങ്ങൾ കാണുക:

"എന്നാൽ അവനെ (മനുഷ്യനെ) അവൻ പരീക്ഷിക്കുകയും എന്നിട്ടവന്റെ ഉപജീവനം ഇടുങ്ങിയതാക്കുകയും ചെയ്താൽ അവൻ പറയും: എന്റെ രക്ഷിതാവ് എന്നെ അപമാനിച്ചിരിക്കുന്നു എന്ന്. അല്ല! പക്ഷേ, നിങ്ങൾ അനാഥയെ ആദരിക്കുന്നില്ല. പാവപ്പെട്ടവന്റെ ആഹാരത്തിന് നിങ്ങൾ പ്രോത്സാഹനം നൽകുന്നുമില്ല. അനന്തരാവകാശ സ്വത്ത് നിങ്ങൾ വാരിക്കൂട്ടി തിന്നുകയും ചെയ്യുന്നു. ധനത്തെ നിങ്ങൾ അമിതമായ തോതിൽ സ്നേഹിക്കുകയും ചെയ്യുന്നു" (89:16-20).

"എന്നിട്ട് ആ മലമ്പാതയിൽ തള്ളിക്കടന്നില്ല. ആ മലമ്പാത എന്താണെന്ന് നിനക്കറിയാമോ? ഒരു അടിമയെ മോചിപ്പിക്കുകയോ പട്ടിണിയുള്ള നാളിൽ കുടുംബബന്ധമുള്ള ഒരു അനാഥക്കോ കടുത്ത ദാരിദ്ര്യമുള്ള ഒരു സാധുവിനോ ഭക്ഷണം കൊടുക്കുകയോ ചെയ്യുകയത്രെ അത്" (90:11-16).

"മതത്തെ വ്യാജമാക്കുന്നവനാരെന്ന് നീ കണ്ടുവോ? അനാഥക്കുട്ടിയെ തള്ളികളയുകയും പാവപ്പെട്ടവന്റെ ഭക്ഷണത്തിന്റെ കാര്യത്തിൽ പ്രോത്സാഹനം നടത്താതിരിക്കുകയും ചെയ്യുന്നവനത്രെ അത്" (107:1-3).

സാർവലൗകികങ്ങളും സാർവകാലികങ്ങളുമായ ഒട്ടനവധി വിസർജിക്കലും ഇണചേരലുമെല്ലാം തോന്നുമ്പോൾ തോന്നിയേടത്തുവെച്ച്. എന്നാൽ മനുഷ്യൻ അങ്ങനെ ആകേണ്ടവനല്ല. അവന് ചില നിശ്ചിത നിയമങ്ങൾ ഏതിലും എവിടെയും ആവശ്യമാണ്. ഈ നിയമങ്ങളാണ് മതം പഠിപ്പിക്കുന്നത്. മൃഗീയത പാടെ ഒഴിവാക്കിയാലേ മതവിശ്വാസിയായി മാറൂ എന്നർഥം.

### ഇസ്‌ലാമിന്റെ മാനവികത

ഇസ്‌ലാം നന്മയുടെ വിവിധ വശങ്ങളെ മനുഷ്യനിലനിൽപിനുള്ള ഉദാത്തമായ മൂല്യങ്ങളായി പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. ദരിദ്രരെ സഹായിക്കൽ, സഹായം ആവശ്യമുള്ളവർക്ക് സഹായം ചെയ്യൽ, ബലഹീനരെയും നിരാലംബരെയും സംരക്ഷിക്കൽ, അനാഥ സംരക്ഷണം എന്നിങ്ങനെയുള്ള പല കാര്യങ്ങളും ഉൽകൃഷ്ട സൽകർമങ്ങളായി ക്വുർആൻ പരിചയപ്പെടുത്തുന്നതിൽനിന്ന് ഇവയെല്ലാം പൂർവവേദങ്ങളിലും പരാമർശിതങ്ങളായ മൂല്യങ്ങൾ തന്നെയായിരുന്നു എന്ന് മനസ്സിലാക്കാം. സാധുക്കളോടും ദുർബലരോടുമുള്ള പെരുമാറ്റത്തിൽ ഏതെങ്കിലും തരത്തിലുള്ള അനിഷ്ടം പ്രകടിപ്പിക്കുന്നത് ക്വുർആൻ കടുത്തഭാഷയിൽ എതിർക്കുന്നുണ്ട്. എല്ലാ ദൂതൻമാരും പിന്തുടർന്നു വന്നിരുന്ന മാനുഷിക മൂല്യങ്ങളുടെ ശ്രേണിയിൽ വരുന്ന കാര്യമാണ് അബലരെയും അശക്തരെയും അവരർഹിക്കുംവി



മാർഗം കാണിച്ചുകൊടുക്കുന്നതും.

അല്ലാഹു പറയുന്നത് കാണുക: “ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്” (2: 2).

“വ്യക്തമായ തെളിവുകളും വേദഗ്രന്ഥങ്ങളുമായി (അവരെ നാം നിയോഗിച്ചു). നിനക്ക് നാം ഉൽബോധനം അവതരിപ്പിച്ച് തന്നിരിക്കുന്നു. ജനങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നീ അവർക്ക് വിവരിച്ചുകൊടു ക്കാൻ വേണ്ടിയും അവർ ചിന്തിക്കാൻ വേണ്ടിയും” (16: 44).

“തീർച്ചയായും നിങ്ങൾക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങളും, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവരുടെ (ചരിത്രത്തിൽ നിന്നുള്ള) ഉദാഹരണങ്ങളും, ധർമനിഷ്ഠ പാലിക്കുന്നവർക്ക് വേണ്ടിയുള്ള ഉപദേശവും അവതരിപ്പിച്ചു തന്നിരിക്കുന്നു” (24: 34).

ചെറുതും വലുതുമായ എല്ലാ നന്മകളും അല്ലാഹു ഖുർആനിലൂടെയും പ്രവാചകനിലൂടെയും പഠിപ്പിച്ചിട്ടുണ്ട് എന്നത് ഇസ്‌ലാമിന്റെ സവിശേഷതയാണ്. ഇതൊന്നും അംഗീകരിക്കുവാനും ഉൾക്കൊള്ളുവാനും ഭൗതികവാദികൾക്ക് കഴിയില്ല. സത്യത്തെ അവഗണിക്കുക എന്നതാണല്ലോ അവരുടെ മുഖമുദ്ര. മനുഷ്യജീവിതത്തിന്റെ അവസ്ഥകളും സ്ഥിതിവിശേഷങ്ങളും ഭിന്നമാകയാൽ വിവിധകാലങ്ങളിലും സാഹചര്യങ്ങളിലുമായി വിവിധതരത്തിലുള്ള നന്മകൾക്ക് മനുഷ്യന് അവസരവും സന്ദർഭവും ലഭിക്കുന്നു. നന്മകൾ പ്രവർത്തിക്കുവാനുള്ള അവസരങ്ങൾ യഥോചിതം ഉപയോഗിക്കുവാനുള്ള നിർദേശം എല്ലാ കാലത്തും മാനവരാശിക്ക് ലഭിച്ചിട്ടുള്ള മാർഗദർശനങ്ങളിലെ അതിപ്രധാനമായ ഒരു ഘടകമാണ്. മനുഷ്യജീവിതത്തെ അതിന്റെ വിവിധ തലങ്ങളുമായും ഘടകങ്ങളുമായും സംലയിപ്പിച്ചു നിർത്തുകയും ദൈവികമാർഗദർശത്തിന്റെ ചട്ടക്കൂടിൽ ജീവിതത്തെ ക്രമീകരിക്കുകയും ചെയ്യുന്നതിൽ ചെറുതും വലുതമായ നന്മകൾക്ക് വലിയ പ്രാധാന്യമുണ്ട്.

> **സ്രഷ്ടാവിനെ യഥാവിധി മനസ്സിലാക്കാതിരിക്കുകയും ഉൾക്കൊള്ളാതിരിക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ അശ്രദ്ധനും അജ്ഞനും അലസനും തിന്മകൾ ചെയ്യുന്നവനുമായി മാറുന്നത്. അതിനാൽ സ്രഷ്ടാവിന്റെ അറിവിന്റെയും നിരീക്ഷണത്തിന്റെയും മുന്നിൽ മനുഷ്യകർമങ്ങളിൽ ഒന്നിനുപോലും ഒഴിവുകഴിവു നൽകപ്പെടുകയില്ല എന്ന അടിസ്ഥാനപരമായ ആദർശം എക്കാലത്തും ദൂതൻമാർ സമൂഹത്തെ പഠിപ്പിച്ചിട്ടുണ്ട്. സ്രഷ്ടാവിനെയും അവന്റെ മഹത്ത്വത്തെയും കഴിവുകളെയും പറ്റി ഓർമിപ്പിച്ചുകൊണ്ട് മനുഷ്യരാശിയെ സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളിലേക്ക് ക്ഷണിക്കുക എന്ന സമീപനരീതി എക്കാലത്തെയും ദൂതൻമാർ അവലംബിച്ചു വന്നിട്ടുള്ളതാണ്.**

### ദൈവനിന്ദക്കെതിരിൽ മുന്നറിയിപ്പ്

“തീർച്ചയായും അവരുടെ രക്ഷിതാവ് അന്നേദിവസം അവരെപ്പറ്റി സൂക്ഷ്മമായി അറിയുന്നവൻ തന്നെയാകുന്നു” (ഖുർആൻ 100:11).

സ്രഷ്ടാവിനെ യഥാവിധി മനസ്സിലാക്കാതിരിക്കുകയും ഉൾക്കൊള്ളാതിരിക്കുകയും ചെയ്യുമ്പോഴാണ് മനുഷ്യൻ അശ്രദ്ധനും അജ്ഞനും അലസനും തിന്മകൾ ചെയ്യുന്നവനുമായി മാറുന്നത്. അതിനാൽ സ്രഷ്ടാവിന്റെ അറിവിന്റെയും നിരീക്ഷണത്തിന്റെയും മുന്നിൽ മനുഷ്യകർമങ്ങളിൽ ഒന്നിനുപോലും ഒഴിവുകഴിവു നൽകപ്പെടുകയില്ല എന്ന അടിസ്ഥാനപരമായ ആദർശം എക്കാലത്തും ദൂതൻമാർ സമൂഹത്തെ പഠിപ്പിച്ചിട്ടുണ്ട്. സ്രഷ്ടാവിനെയും അവന്റെ മഹത്ത്വത്തെയും കഴിവുകളെയും പറ്റി ഓർമിപ്പിച്ചുകൊണ്ട് മനുഷ്യരാശിയെ സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങളിലേക്ക് ക്ഷണിക്കുക എന്ന സമീപനരീതി എക്കാലത്തെയും ദൂതൻമാർ അവലംബിച്ചു വന്നിട്ടുള്ളതാണ്.

“മനുഷ്യൻ പ്രസ്താവ്യമായ ഒരു വസ്തുവേ ആയിരുന്നില്ലാത്ത ഒരു കാലഘട്ടം അവന്റെ മേൽകഴിഞ്ഞുപോയിട്ടുണ്ടോ? കൂടിച്ചേർന്നുണ്ടായ ഒരു ബീജത്തിൽനിന്ന് തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. നാം അവനെ പരീക്ഷിക്കുവാനായിട്ട്. അങ്ങനെ അവനെ നാം കേൾവിയുള്ളവനും കാഴ്ചയുള്ളവനുമാക്കിയിരിക്കുന്നു. തീർച്ചയായും നാം അവന്ന് വഴി കാണിച്ചു കൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു” (76:1-3).



# പുനരുത്ഥാനദിനം

ഡോ. എം. ഉസ്മാൻ

*"നാം പർവതങ്ങളെ നടത്തുകയും ഭൂമിയെ നിരന്ന സമതലമായി നീ കാണുകയും അവരെ നാം ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന ദിവസം! അവരിൽ ഒരാളെയും നാം വിട്ടുകളയുകയുമില്ല. നിരയായി നിന്റെ രക്ഷിതാവിന്റെ മുമ്പിൽ അവർ പ്രദർശിപ്പിക്കപ്പെടും. (അല്ലാഹു അവരോട് പറയും:) ആദ്യത്തെ പ്രാവശ്യം നിങ്ങളെ സൃഷ്ടിച്ചതുപോലെ നിങ്ങൾ നമ്മുടെ അടുത്തു വന്നിരിക്കുന്നു. എന്നാൽ നിങ്ങൾക്ക് ഒരു നിശ്ചിത സമയം വെച്ചിട്ടില്ല എന്നു നിങ്ങൾ ധരിച്ചു. ഗ്രന്ഥം വെക്കപ്പെടും. അപ്പോൾ അതിലുള്ളതിനെപ്പറ്റി ഭയപ്പെട്ടവരായി കുറ്റവാളികളെ നിനക്ക് കാണാം. 'ഹാ ഞങ്ങളുടെ കഷ്ടമേ എന്താണ് ഈ ഗ്രന്ഥത്തിന് ? ചെറിയതാകട്ടെ, വലിയതാകട്ടെ ഒന്നും ക്ലിപ്തമായി രേഖപ്പെടുത്താതെ ഇതു വിടുന്നില്ലല്ലോ' എന്ന് അവർ പറയുകയും ചെയ്യും. അവർ പ്രവർത്തിച്ചത് എന്തും സന്നിഹിതമായി അവർ കാണും. നിന്റെ റബ്ബ് ഒരാളോടും അക്രമം ചെയ്യുകയില്ല"*
*(അൽകഹ്ഫ്).*

അവസാനനാളിനെപ്പറ്റിയും പരലോകത്തെപ്പറ്റിയും പുനരുത്ഥാനത്തെപ്പറ്റിയും ഖുർആൻ തരുന്ന വിവരണങ്ങൾ അതിന്റെ ദൈവികത്വത്തിനുള്ള വ്യക്തമായ ദൃഷ്ടാന്തങ്ങൾ കൂടിയാണ്. ഖുർആന്റെ വലിയ ഒരു ഭാഗംതന്നെ ഈ വിഷയങ്ങൾ പ്രതിപാദിക്കുന്നതാണ്. സർവജ്ഞനും സർവശക്തനുമായ അല്ലാഹുവിന്നല്ലാതെ അത്തരം വിവരണങ്ങൾ ആർക്കും തരിക സാധ്യമല്ല എന്ന് ഏത് സത്യാന്വേഷിയായ മനുഷ്യന്നും ബോധ്യപ്പെടും. ആദ്യത്തെ മനുഷ്യൻതൊട്ട്, അവസാന മനുഷ്യൻ വരെ ഒരാളെയും വിട്ടുപോകാതെ അല്ലാഹു

വിന്റെ സന്നിധിയിൽ ഹാജറാക്കുന്ന ആ രംഗം എത്ര ഭയങ്കരം! മഹാചക്രവർത്തിമാരും പ്രസിഡന്റുമാരും മന്ത്രിമാരും സേനാധിപതികളും പട്ടാളക്കാരും ശാസ്ത്രജ്ഞന്മാരും തത്ത്വജ്ഞാനികളും സാഹിത്യകാരന്മാരും കലാകാരന്മാരും ശക്തന്മാരും ബലഹീനരും മുതലാളികളും തൊഴിലാളികളും എല്ലാവരും അണിയണിയായി ദൈവസന്നിധിയിൽ നിലകൊള്ളുന്ന ആ ദിനം!

മനുഷ്യർ വിശ്വസിച്ചാലും വിശ്വസിച്ചില്ലെങ്കിലും ആ ദിനം വരികതന്നെ ചെയ്യും. ഓരോ മനുഷ്യന്റെയും ഈ ജീവിതത്തിലെ പ്രവർത്തനങ്ങൾ വ്യക്തമായും രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥം ഓരോരുത്തർക്കും നൽകപ്പെടും. ഒരണുമണി വിട്ടുപോകാതെ എല്ലാ കാര്യങ്ങളും റിക്കാർഡ് ചെയ്യപ്പെട്ട ഗ്രന്ഥങ്ങൾ! മനുഷ്യന്റെ വാക്കുകളും പ്രവൃത്തികളും കണിശമായി രേഖപ്പെടുത്തപ്പെടുന്നുണ്ട് എന്ന യാഥാർഥ്യം മനുഷ്യരിൽ അധികം പേരും ഗൗനിക്കുന്നില്ല. ഓരോ മനുഷ്യന്റെയും കൂടെത്തന്നെയുള്ള അല്ലാഹുവിന്റെ മലക്കുകൾ, അവരുടെ പ്രവർത്തനം വള്ളിപുള്ളിക്ക് വ്യത്യാസമില്ലാതെ കണിശമായി രേഖപ്പെടുത്തുന്നു. ശാസ്ത്രീയ ഗവേഷണങ്ങൾക്കോ മറ്റു ഉപാധികൾക്കോ ഒരിക്കലും കണ്ടുപിടിക്കാൻ സാധിക്കാത്ത നിലയിൽ 'അദൃശ്യമായി' നടക്കുന്ന ഈ കാര്യത്തെപ്പറ്റി ഖുർആൻ പല സ്ഥലത്തും മുന്നറിയിപ്പ് നൽകുന്നുണ്ട്.

"ഓരോ സമുദായവും അല്ലാഹുവിന്റെ മുമ്പിൽ മുട്ടുകുത്തി നിൽക്കുന്നതായിട്ട് നീ കാണുന്നതാണ്. ഓരോ സമുദായവും അതിന്റെ ഗ്രന്ഥത്തിലേക്ക് വിളിക്കപ്പെടുന്നതും-ഇന്നാണ് നിങ്ങൾ പ്രവർത്തിച്ചു കൊണ്ടിരുന്നതിന് നിങ്ങൾക്ക് പ്രതിഫലം നൽകപ്പെടുന്നത്-നമ്മുടെ ഗ്രന്ഥമാണിത്, നിങ്ങൾ അതിരിൽ അത് സത്യപ്രകാരം തെളിവുനൽകുന്നു. നിശ്ചയം, നിങ്ങൾ പ്രവർത്തിച്ചിരുന്നതു നാം രേഖപ്പെടുത്തുകയായിരുന്നു" (അൽജാസിയ).

"അവർ ചെയ്ത എല്ലാ സംഗതികളും ഏടുകളിലുണ്ട്. ചെറുതും വലുതും അടുക്കിവെക്കപ്പെടും" (ഖമർ).

"നിശ്ചയം, നിങ്ങളുടെമേൽ കാവൽക്കാരുണ്ട്. മാന്യന്മാരായ എഴുത്തുകാർ! നിങ്ങൾ പ്രവർത്തിക്കുന്നത് അവൻ അറിയുന്നു" (അൽഇൻഫിത്വാർ).

സമുദായത്തിന്റെ പൊതുവായ പ്രവർത്തനങ്ങളും വ്യക്തിയുടെ പ്രവർത്തനങ്ങളും അദൃശ്യമായ നിലയിൽ രേഖപ്പെടുത്തപ്പെടുന്നു. ഒന്നും വിട്ടുപോകുന്നില്ല. മറക്കപ്പെടുന്നില്ല. മാഞ്ഞുപോകുന്നില്ല. ആശ്ചര്യകരമായ മനുഷ്യജീവിതവും, അതിലും ആശ്ചര്യകരമായ പ്രപഞ്ചവും, അവയുടെ പിന്നിൽ ഒരു പ്ലാനിങ്ങും യുക്തിയുമില്ലാത്ത ആകസ്മിക സംഭങ്ങളാണ് എന്നു ധരിച്ചവർക്ക് വമ്പിച്ച അബദ്ധം പറ്റിയിരിക്കുന്നു. ഈ കാണുന്ന ദൃശ്യപ്രപഞ്ചത്തിന്റെ പിന്നിൽ ഒളിഞ്ഞുകിടക്കുന്ന അദൃശ്യമായത് ഇതിനെക്കാൾ പതിന്മടങ്ങ് ആശ്ചര്യകരമായതും സങ്കീർണമായതുമാണ്. മനുഷ്യവിജ്ഞാനത്തിന് ദൈവീക സന്ദേശങ്ങളുടെ സഹായം കൂടാതെ ഇവിടെ യാതൊരു എത്തുംപിടിയും കിട്ടുകയില്ല. മുമ്പ് പറഞ്ഞതുപോലെ ധ്രുവപ്രദേശങ്ങളിൽ സമുദ്രത്തിൽ കാണുന്ന 'മഞ്ഞുമലകൾ' പോലെയാണ് പ്രപഞ്ചം. പുറത്തേക്കു കാണുന്ന ഭാഗത്തെക്കാൾ പതിന്മടങ്ങ് അത് വെള്ളത്തിനടിയിലായിരിക്കും. മുകൾഭാഗം മാത്രം കണ്ട് കപ്പലോടിച്ചാൽ കപ്പൽ തകർന്നതുതന്നെ. പ്രപഞ്ചത്തിനു പിന്നിൽ മറഞ്ഞുകിടക്കുന്ന, (മഞ്ഞു മലയുടെ വെള്ളത്തിനടിയിലുള്ള ഭാഗംപോലെ) അദൃശ്യമായതിനെപ്പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ നിന്ന് പ്രവാചകന്മാർവഴി തന്നെ കിട്ടണം. ശാസ്ത്രീയ ഗവേഷണങ്ങളുടെ പരിധിക്കപ്പുറത്തുള്ള അറിവാണത്. മനുഷ്യന്റെ എല്ലാ വാക്കുകളും പ്രവൃത്തികളും കണിശമായി രേഖപ്പെടുത്തപ്പെടുന്നുണ്ട് എന്ന,

**മനുഷ്യർ വിശ്വസിച്ചാലും വിശ്വസിച്ചില്ലെങ്കിലും ആ ദിനം വരികതന്നെ ചെയ്യും. ഓരോ മനുഷ്യന്റെയും ഈ ജീവിതത്തിലെ പ്രവർത്തനങ്ങൾ വ്യക്തമായും രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥം ഓരോരുത്തർക്കും നൽകപ്പെടും. ഒരണുമണി വിട്ടുപോകാതെ എല്ലാ കാര്യങ്ങളും റിക്കാർഡ് ചെയ്യപ്പെട്ട ഗ്രന്ഥങ്ങൾ! മനുഷ്യന്റെ വാക്കുകളും പ്രവൃത്തികളും കണിശമായി രേഖപ്പെടുത്തപ്പെടുന്നുണ്ട് എന്ന യാഥാർഥ്യം മനുഷ്യരിൽ അധികം പേരും ഗൗനിക്കുന്നില്ല. ഓരോ മനുഷ്യന്റെയും കൂടെത്തന്നെയുള്ള അല്ലാഹുവിന്റെ മലക്കുകൾ, അവരുടെ പ്രവർത്തനം വള്ളിപുള്ളിക്ക് വ്യത്യാസമില്ലാതെ കണിശമായി രേഖപ്പെടുത്തുന്നു. ശാസ്ത്രീയ ഗവേഷണങ്ങൾക്കോ മറ്റു ഉപാധികൾക്കോ ഒരിക്കലും കണ്ടുപിടിക്കാൻ സാധിക്കാത്ത നിലയിൽ 'അദൃശ്യമായി' നടക്കുന്ന ഈ കാര്യത്തെപ്പറ്റി ഖുർആൻ പല സ്ഥലത്തും മുന്നറിയിപ്പ് നൽകുന്നുണ്ട്.**

ക്വുർആൻ തരുന്ന മുന്നറിയിപ്പ് അവഗണിച്ചവർ ഖേദിക്കുകതന്നെ വേണ്ടിവരും. പുനരുത്ഥാന നാളിൽ ഗ്രന്ഥം കയ്യിൽ നൽകപ്പെടുമ്പോൾ അന്ധാളിച്ച് അവൻ ചോദിക്കും, 'എന്താ ഈ ഗ്രന്ഥത്തിന്? ചെറിയതാകട്ടെ വലിയതാകട്ടെ ഒന്നും ക്ലിപ്തമായി രേഖപ്പെടുത്താതെ ഇത് വിടുന്നില്ലല്ലോ' എന്ന്. മരണത്തോടുകൂടി എല്ലാം കഴിഞ്ഞു എന്ന് ധരിക്കുന്നതാണ് മനുഷ്യജീവിതത്തിലെ അപകടം പിടിച്ച തെറ്റിദ്ധാരണ. ഈ ധാരണക്ക് കൊടുക്കേണ്ട വില മനുഷ്യന് താങ്ങാനാവാത്തതാണ്. അല്ലാഹുവിന്റെ മുമ്പിൽ ഹാജറാക്കപ്പെടും എന്ന ബോധം ഒട്ടുമില്ലാതെ, മരണത്തോടുകൂടി എല്ലാം കഴിഞ്ഞു എന്ന് ധരിക്കുന്നവരെപ്പോലെ വിഡ്ഢിത്തത്തിൽപെട്ടവരാരുമില്ല. 'നിങ്ങൾക്ക് ഒരു നിശ്ചിതസമയം നാം വെച്ചിട്ടില്ല എന്ന് നിങ്ങൾ ധരിച്ചു' എന്ന് അല്ലാഹു അവരോട് പറയുമ്പോൾ അവരുടെ ഖേദവും അന്ധാളിപ്പും എത്ര ഭയങ്കരമായിരിക്കും!

പ്രവാചകന്മാർ മുഖേന മനുഷ്യവർഗത്തിന് അല്ലാഹുവിങ്കൽ നിന്നുള്ള മുന്നറിയിപ്പുകളെ അവഗണിക്കുന്നവർക്ക് ഭയങ്കരമായ വിചാരണയും കഠിനമായ ശിക്ഷയും അനുഭവിക്കേണ്ടിവരും. ഇത് അവരുടെ കർമഫലം മാത്രമാണ്. അല്ലാഹു അവരോട് അക്രമം ചെയ്തിട്ടില്ല. അവർതന്നെയാണ് അവരോട് അക്രമം പ്രവർത്തിച്ചിട്ടുള്ളത്.

"അതുകൊണ്ട് അല്ലാഹുവിനെപ്പറ്റി, അവൻ അവന്റെ പ്രവാചകന്മാരോട് ചെയ്ത വാഗ്ദത്തം ലംഘിക്കുന്നവനാണെന്ന് ഒരിക്കലും നീ വിചാരിച്ചുപോകരുത്. നിശ്ചയം, അല്ലാഹു പ്രതാപശാലിയും ശിക്ഷിക്കുന്നവനുമാണ്. ഈ ഭൂമി ഇതല്ലാത്ത വേറെ ഭൂമിയായും ഈ ആകാശങ്ങൾ ഇതല്ലാത്ത ആകാശങ്ങളായും മാറ്റപ്പെടുകയും, അവരെല്ലാവരും ഏകനായ, സർവത്തെയും അടക്കിഭരിക്കുന്ന അല്ലാഹുവിന്റെ മുമ്പാകെ നിലകൊള്ളുകയും ചെയ്യുന്ന നാളിൽ, ആ നാളിൽ പാപികളെ ചങ്ങലകളിൽ ബന്ധിതരായി നീ കാണും. അവരുടെ കുപ്പായങ്ങൾ പന്തത്തിന്റെതാണ്. തീ അവരുടെ മുഖങ്ങളെ മൂടിക്കളയുന്നു; ഓരോ ആൾക്കും അവരവർ പ്രവർത്തിച്ചതിന് പ്രതിഫലം കൊടുക്കാനായിട്ട്. നിശ്ചയം, അല്ലാഹു വേഗത്തിൽ കണക്കുനോക്കുന്നവനാണ്. ഇത് ജനങ്ങൾക്ക് ഒരു ഉൽബോധനമാകുന്നു. അവരെ ഇതുമൂലം താക്കീത് ചെയ്യുവാൻ വേണ്ടിയും, അവൻ മാത്രമാണ് ഏക ആരാധ്യൻ എന്ന് അവർ അറിയുവാൻ വേണ്ടിയും, ബുദ്ധിമാൻമാർ ഓർമിക്കാൻ വേണ്ടിയും" (ഇബ്റാഹീം).

**പുനരുത്ഥാന നാളിൽ ഗ്രന്ഥം കയ്യിൽ നൽകപ്പെടുമ്പോൾ അന്ധാളിച്ച് അവൻ ചോദിക്കും, 'എന്താ ഈ ഗ്രന്ഥത്തിന്? ചെറിയതാകട്ടെ വലിയതാകട്ടെ ഒന്നും ക്ലിപ്തമായി രേഖപ്പെടുത്താതെ ഇത് വിടുന്നില്ലല്ലോ' എന്ന്. മരണത്തോടുകൂടി എല്ലാം കഴിഞ്ഞു എന്ന് ധരിക്കുന്നതാണ് മനുഷ്യജീവിതത്തിലെ അപകടം പിടിച്ച തെറ്റിദ്ധാരണ. ഈ ധാരണക്ക് കൊടുക്കേണ്ട വില മനുഷ്യന് താങ്ങാനാവാത്തതാണ്. അല്ലാഹുവിന്റെ മുമ്പിൽ ഹാജറാക്കപ്പെടും എന്ന ബോധം ഒട്ടുമില്ലാതെ, മരണത്തോടുകൂടി എല്ലാം കഴിഞ്ഞു എന്ന് ധരിക്കുന്നവരെപ്പോലെ വിഡ്ഢിത്തത്തിൽപെട്ടവരാരുമില്ല.**





ഓരോ മനുഷ്യന്റെയും ലൗകികജീവിതത്തിലെ കർമങ്ങളുടെ ഫലം അവൻ പരലോകത്ത് അനുഭവിക്കേണ്ടിവരും. അല്ലാഹുവിന്റെ ശിക്ഷ എന്ന് പറയുമ്പോൾ, അത് മനുഷ്യർ പ്രവർത്തിച്ച് സമ്പാദിച്ച തിന്മകളുടെ തിരിച്ചടിതന്നെയാണ്. ഒരുവിധത്തിൽ കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ പ്രവൃത്തികളുടെ ഫലം അനുഭവിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. അല്ലാഹു അക്രമമായിട്ടൊന്നും ചെയ്യുന്നില്ല. അല്ലാഹു പ്രവാചകന്മാർ മുഖേന നൽകിയ താക്കീതുകൾ മനുഷ്യർ വകവെക്കാതെ ജീവിച്ചത് കാരണം സ്വയം സമ്പാദിച്ച ശിക്ഷയാണ് അനുഭവിക്കേണ്ടിവരുന്നത്. ഓരോ കർമത്തിന്റെയും അദൃശ്യമായ പ്രത്യാഘാതത്തെപ്പറ്റി ദൈവിക ഗ്രന്ഥങ്ങളും പ്രവാചകന്മാരും നൽകിയ താക്കീതുകൾ വകവെക്കാതെ മനുഷ്യർ ദേഹേച്ഛകൾക്ക് കീഴ്പെട്ട് ജീവിക്കുക കാരണം തീ അവരുടെ മുഖങ്ങളെ മൂടിക്കളയുന്ന തരത്തിലുള്ള ശിക്ഷ അവർക്ക് അനുഭവിക്കേണ്ടിവരുന്നു. ഓരോ മനുഷ്യന്റെയും നന്മതിന്മകളുടെ കണക്ക് നോക്കി സ്വർഗത്തിലേക്കോ നരകത്തിലേക്കോ വക തിരിക്കുന്നതിന്ന് മുമ്പുതന്നെ തങ്ങളുടെ ദുഷ്കർമങ്ങളുടെ ഫലമായുണ്ടാകുന്ന തിന്മകളുടെ തിരിച്ചടി, അല്ലെങ്കിൽ ശിക്ഷയുടെ സ്വാദ് അനുഭവിക്കേണ്ടിവരുന്നു. വിചാരണ കഴിയുന്നതിനു മുമ്പുതന്നെ ശിക്ഷ അനുഭവിക്കേണ്ടിവരുന്നു. ക്വബ്റിലെ ശിക്ഷ ലോക്കപ്പ് മർദനമാണ് എന്ന് പറയുന്നവർ ഇതിനെപ്പറ്റി എന്തുപറയും ആവോ?


**അല്ലാഹുവിന്റെ ശിക്ഷ എന്ന് പറയുമ്പോൾ, അത് മനുഷ്യർ പ്രവർത്തിച്ച് സമ്പാദിച്ച തിന്മകളുടെ തിരിച്ചടിതന്നെയാണ്. ഒരുവിധത്തിൽ കാര്യകാരണബന്ധങ്ങളുടെ അടിസ്ഥാനത്തിൽ തങ്ങളുടെ പ്രവൃത്തികളുടെ ഫലം അനുഭവിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. അല്ലാഹു അക്രമമായിട്ടൊന്നും ചെയ്യുന്നില്ല. അല്ലാഹു പ്രവാചകന്മാർ മുഖേന നൽകിയ താക്കീതുകൾ മനുഷ്യർ വകവെക്കാതെ ജീവിച്ചത് കാരണം സ്വയം സമ്പാദിച്ച ശിക്ഷയാണ് അനുഭവിക്കേണ്ടിവരുന്നത്. ഓരോ കർമത്തിന്റെയും അദൃശ്യമായ പ്രത്യാഘാതത്തെപ്പറ്റി ദൈവിക ഗ്രന്ഥങ്ങളും പ്രവാചകന്മാരും നൽകിയ താക്കീതുകൾ വകവെക്കാതെ മനുഷ്യർ ദേഹേച്ഛകൾക്ക് കീഴ്പെട്ട് ജീവിക്കുക കാരണം തീ അവരുടെ മുഖങ്ങളെ മൂടിക്കളയുന്ന തരത്തിലുള്ള ശിക്ഷ അവർക്ക് അനുഭവിക്കേണ്ടിവരുന്നു. ഓരോ മനുഷ്യന്റെയും നന്മതിന്മകളുടെ കണക്ക് നോക്കി സ്വർഗത്തിലേക്കോ നരകത്തിലേക്കോ വകതിരിക്കുന്നതിന്ന് മുമ്പുതന്നെ തങ്ങളുടെ ദുഷ്കർമങ്ങളുടെ ഫലമായുണ്ടാകുന്ന തിന്മകളുടെ തിരിച്ചടി, അല്ലെങ്കിൽ ശിക്ഷയുടെ സ്വാദ് അനുഭവിക്കേണ്ടിവരുന്നു.**


"ഒരാൾക്കും ഒരാളും ഒരു പ്രകാരേണയും ഉപകരിക്കാത്തതും ഒരാളിൽനിന്നും ശുപാർശ സ്വീകരിക്കാത്തതും ഒരാളിൽനിന്നും പ്രായശ്ചിത്തം വാങ്ങാത്തതും അവർക്ക് സഹായം ലഭിക്കാത്തതുമായ ദിവസത്തെ നിങ്ങൾ സൂക്ഷിക്കുവിൻ" (അൽബക്വറ).

ഒരു മനുഷ്യനും അവന്റെ സൽകർമങ്ങളല്ലാതെ അവനെ സഹായിക്കുവാൻ വേറെ യാതൊന്നുമില്ലാത്ത പുനരുത്ഥാനാളിലെ ആ ഭയങ്കരമായ നിസ്സഹായാവസ്ഥയെ ക്വുർആൻ പല സ്ഥലങ്ങളിലും വിവരിക്കുന്നു. ഓരോ വ്യക്തിയും അവന്റെ സ്വന്തം രക്ഷയെപ്പറ്റി മാത്രം ഭയപ്പെട്ടുകൊണ്ട്, സ്നേഹബന്ധങ്ങളും കുടുംബബന്ധങ്ങളുമെല്ലാം മറന്നുപോകുന്ന അത്രയും ഭയങ്കരവും വേദനാജനകവുമായിരിക്കും അവിടത്തെ നില. ഏറ്റവും ഭയങ്കരമായ ആപൽഘട്ടങ്ങളിൽ മനുഷ്യൻ മറ്റെല്ലാവരെയും മറന്നുപോകും. സ്വന്തം രക്ഷ മാത്രമായിരിക്കും അവന്റെ ലക്ഷ്യം.

"സുഹൃത്തുക്കൾ പരസ്പരം



അന്വേഷിക്കാത്ത ദിവസം; അവരെ പരസ്പരം കാണിച്ച് കൊടുക്കപ്പെടും. ദുർമാർഗി ആ ദിവസത്തെ ശിക്ഷയിൽനിന്ന് (രക്ഷപ്പെടാൻ) തന്റെ മക്കളെയും ഭാര്യയെയും സഹോദരനെയും തനിക്ക് രക്ഷ നൽകുന്ന കുടുംബത്തെയും ഭൂമിയിലുള്ള എല്ലാവരെയും പ്രായശ്ചിത്തം കൊടുക്കാനും അങ്ങനെ തന്നെ രക്ഷപ്പെടുത്താനും ആഗ്രഹിക്കുന്നതാണ്" (അൽമആരിജ്).

"അക്രമം ചെയ്തവർക്ക് ഈ ഭൂമിയിലുള്ളത് മുഴുവനും അതിന്റെ കൂടെ അത്രതന്നെ വേറെയും ഉണ്ടായിരുന്നുവെങ്കിൽ, അന്ത്യനാളിലെ ദുഃഖകരമായ ശിക്ഷയിൽനിന്ന് (രക്ഷപ്പെടാൻ) അതുകൊണ്ട് അവർ പ്രായശ്ചിത്തം ചെയ്യുമായിരുന്നു. അവർ ഒട്ടും ഊഹിക്കാത്തത് അല്ലാഹുവിങ്കൽനിന്ന് അവർക്ക് വെളിപ്പെട്ടു. അവർ പ്രവർത്തിച്ചിരുന്നതിന്റെ ദുഷ്ഫലങ്ങൾ അവർക്ക് വെളിപ്പെട്ടു. അവർ പരിഹസിച്ചുകൊണ്ടിരുന്ന ശിക്ഷ അവരെ ബാധിക്കുകയും ചെയ്തു" (സുമർ).

അവിശ്വാസികളായ മനുഷ്യർ ഒട്ടും കണക്കുകൂട്ടാത്ത ഒരു സ്ഥിതിവിശേഷമായിരിക്കും അത്. പുനരുത്ഥാനത്തെയും പരലോകത്തെയുമെല്ലാം നിഷേധിക്കുകയും അത്തരം വിശ്വാസങ്ങളെ പരിഹസിക്കുകയും ചെയ്യുന്നവർക്ക് എത്ര ഖേദകരമായ അനുഭവമായിരിക്കും ആ ദിവസം! അദൃശ്യകാര്യങ്ങളെപ്പറ്റി ഖുർആൻ തരുന്ന മുന്നറിയിപ്പുകൾ അവഗണിച്ച്, വെറും ശാസ്ത്രത്തിന്റെയും യുക്തിവാദത്തിന്റെയും ഭൗതികവാദത്തിന്റെയും സങ്കൽപങ്ങളിലും ഭാവനകളിലും വിശ്വാസമർപ്പിച്ചിട്ടുള്ളവൻ അന്ധാളിക്കുന്ന ദിവസമാണത്.

മനുഷ്യന്റെ ദുഷ്കർമങ്ങൾക്കുള്ള ഫലം ദൂരവ്യാപകമാണ്. അവയുടെ ഫലം വെറും ലൗകികം മാത്രമല്ല; പരലോകജീവിതത്തിൽ അവയുടെ ഫലമായുണ്ടാകുന്ന ശിക്ഷ അതിഭീകരമായിരിക്കും. മനുഷ്യർ ഒട്ടും കണക്കുകൂട്ടാത്ത അത്ര ഭയങ്കരമായിരിക്കും അവരുടെ ദുഷ്കർമങ്ങളുടെ ഫലങ്ങൾ. അല്ലാഹുവിന്റെ ശിക്ഷ എന്നു പറയുമ്പോൾ മനുഷ്യർ ദുഷ്കർങ്ങൾ ചെയ്ത് സമ്പാദിക്കുന്ന അനന്തരഫലങ്ങൾ മാത്രമാണ് അത്. അല്ലാഹു അക്രമമായി ശിക്ഷിക്കുകയല്ല. മനുഷ്യർ ശിക്ഷ സമ്പാദിക്കുകയാണ് ചെയ്യുന്നത്. സൽകർമങ്ങളുടെയും ദുഷ്കർമങ്ങളുടെയും അനന്തരഫലങ്ങളെക്കുറിച്ച് അല്ലാഹു ദൈവിക ഗ്രന്ഥങ്ങളിൽകൂടി തന്ന മുന്നറിയിപ്പുകൾ അക്ഷരംപ്രതി സത്യമാണെന്ന് വ്യക്തമാകുന്ന നാളാണത്. കർമങ്ങളുടെ ഫലമായുണ്ടാകുന്ന, മനുഷ്യന് കണ്ടുപിടിക്കാനും ഊഹിക്കാനും സാധിക്കാത്ത അദൃശ്യമായ പ്രതികരണത്തെപ്പറ്റി ഖുർആൻ തരുന്ന താക്കീതുകൾ പരിശോധിക്കുന്നത് വളരെ അത്യാവശ്യമാണ്. സ്വർഗത്തെപ്പറ്റിയും നരകത്തെപ്പറ്റിയും പ്രതിപാദിക്കുന്നതിനു മുമ്പ് ആ വിഷയം ഒന്ന് പരിശോധിച്ചു നോക്കേണ്ടതുതന്നെയാണ്.

"ആകാശത്തെയും ഭൂമിയെയും അവ രണ്ടിനുമിടയിലുള്ളതിനെയും നിരർഥകമായിട്ടല്ല നാം സൃഷ്ടിച്ചത്, അത് അവിശ്വാസികളുടെ ധാരണയാണ്. അതിനാൽ അവിശ്വാസികൾക്കു നരകംമൂലം നാശം. വിശ്വസിക്കുകയും സൽകർമങ്ങൾ ചെയ്യുകയും ചെയ്തവരെ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയവരെപോലെ തന്നെ നാം ആക്കുമോ? അഥവാ ഭക്തന്മാരെ, പാപികളെപ്പോലെത്തന്നെയാക്കുമോ?" (സ്വാദ്).

*(സൽസബീൽ, 1994 ഒക്ടോബർ).*

**മനുഷ്യന്റെ ദുഷ്കർമങ്ങൾക്കുള്ള ഫലം ദൂരവ്യാപകമാണ്. അവയുടെ ഫലം വെറും ലൗകികം മാത്രമല്ല; പരലോകജീവിതത്തിൽ അവയുടെ ഫലമായുണ്ടാകുന്ന ശിക്ഷ അതിഭീകരമായിരിക്കും. മനുഷ്യർ ഒട്ടും കണക്കുകൂട്ടാത്ത അത്ര ഭയങ്കരമായിരിക്കും അവരുടെ ദുഷ്കർമങ്ങളുടെ ഫലങ്ങൾ. അല്ലാഹുവിന്റെ ശിക്ഷ എന്നു പറയുമ്പോൾ മനുഷ്യർ ദുഷ്കർങ്ങൾ ചെയ്ത് സമ്പാദിക്കുന്ന അനന്തരഫലങ്ങൾ മാത്രമാണ് അത്. അല്ലാഹു അക്രമമായി ശിക്ഷിക്കുകയല്ല. മനുഷ്യർ ശിക്ഷ സമ്പാദിക്കുകയാണ് ചെയ്യുന്നത്. സൽകർമങ്ങളുടെയും ദുഷ്കർമങ്ങളുടെയും അനന്തരഫലങ്ങളെക്കുറിച്ച് അല്ലാഹു ദൈവിക ഗ്രന്ഥങ്ങളിൽകൂടി തന്ന മുന്നറിയിപ്പുകൾ അക്ഷരംപ്രതി സത്യമാണെന്ന് വ്യക്തമാകുന്ന നാളാണത്.**

### തിരുത്ത്

**വിസ്ഡം ബുക്സ് പുറത്തിറക്കിയ ഹുസൈൻ സലഫിയുടെ 'പ്രകാശം പരത്തിയ പ്രവാചകൻമാർ' എന്ന പുസ്തകം, നാലാം ഭാഗം പേജ് 151ൽ നൽകിയ ഖുർആൻ വചനം മാറിപ്പോയിട്ടുണ്ട്. സൂറത്തുൽ അഅ്റാഫിലെ 150-ാം വചനത്തിന് പകരം 50-ാം വചനമാണ് പ്രസ്തുത പേജിൽ കൊടുത്തിട്ടുള്ളത്. തിരുത്തി വായിക്കാൻ അപേക്ഷ.**
**- പ്രസാധകർ**



# ഇന്ന് കൊടുക്കുക; നാളേക്കുവേണ്ടി

ഉസ്മാൻ പാലക്കാഴി
: 9656292244

അബൂഹുറയ്റ (റ) യിൽ നിന്ന് നിവേദനം; നബി (സ്വ) പറഞ്ഞു. "രണ്ട് മലക്കുകൾ ഇറങ്ങിവന്ന് ഒരാൾ, 'അല്ലാഹുവേ, ധനം ചെലവഴിക്കുന്നവന് നീ പിന്തുടർച്ച നൽകണമേ'യെന്നും മറ്റേ മലക്ക് 'അല്ലാഹുവേ, ധനം ചെലവഴിക്കാതെ സൂക്ഷിക്കുന്നവന് നീ നാശം നൽകേണമേ'യെന്നും പ്രാർഥിക്കാതെ അടിമകളിലാരും പ്രഭാതം പ്രാപിക്കുന്നില്ല" (ബുഖാരി, മുസ്‌ലിം).

പരസ്പര സഹകരണത്തോടെ ജീവിക്കേണ്ടവരാണ് മനുഷ്യർ. ധനികരും ദരിദ്രരുമെല്ലാം പരാശ്രയം ആവശ്യമില്ലാത്ത, എല്ലാവർക്കും ആശ്രയമായ ദൈവത്തിന്റെ സൃഷ്ടികളാണ്. മനുഷ്യരുടെ നിലനിൽപുതന്നെയും പരസ്പരാശ്രയത്തിലൂടെയാണ്. ധനികൻ ധനവാനായിത്തീർന്നതിനു പിന്നിൽ ഒരുപാട് പാവങ്ങളുടെ അധ്വാനമുണ്ടാകും. ദരിദ്രർക്ക് തങ്ങളുടെ ഉപജീവനമാർഗം കണ്ടെത്താൻ കഴിയുന്നത് ധനികരുള്ളതുകൊണ്ടാണ്.

ദാരിദ്ര്യവും സമ്പന്നതയും ദൈവിക പരീക്ഷണങ്ങളാണ്. ദാരിദ്ര്യം അനുഭവിക്കുന്നവർ ആ വിഷമാവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കാൻ ശ്രമിക്കേതാണ്. ധനികൻ തന്റെ സമ്പന്നതയിൽ മതി മറന്ന് ദൈവത്തെ ധിക്കരിക്കാതിരിക്കുകയും നന്ദി കാണിക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെ ധനം കൊണ്ട് നരകത്തിലേക്കെത്തിച്ചേരാനും സ്വർഗത്തിലേക്കെത്തിച്ചേരാനും കഴിയുമെന്ന് അവൻ മനസ്സിലാക്കണം. അന്യായമായി സമ്പാദിക്കുകയും അധാർമികതയുടെ മാർഗത്തിൽ ചെലവഴിക്കുകയും ചെലവഴിക്കേണ്ട മാർഗങ്ങളെ അവഗണിക്കുകയും ചെയ്താൽ ധനം കൊണ്ടുള്ള പരീക്ഷണത്തിൽ അവൻ പരാജിതനാണെന്ന് വരുന്നു.

അഗതികളും അശരണരും അനാഥരുമായവരോട് അങ്ങേയറ്റം അനുഭാവം പുലർത്തുന്ന മതമാണ് ഇസ്‌ലാം. അവർക്കു വേണ്ടി ചെലവഴിക്കുന്നതിനെ അല്ലാഹുവിന്റെ മാർഗത്തിലുള്ള ചെലവഴിക്കലായാണ് ഇസ്‌ലാം പരിഗണിക്കുന്നത്. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ചെലവു ചെയ്യുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ധനം നല്ല മാർഗത്തിൽ ചെലവഴിക്കാതെ സ്വരൂപിച്ചുവെക്കുന്നതിന്റെ ഗൗരവവും ചെലവഴിക്കുന്നതിന്റെ മഹത്ത്വവും മനസ്സിലാക്കിത്തരുന്നതാണ് മുകളിൽകൊടുത്ത നബിവചനം.

അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് ഇരട്ടിയായി നൽകുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാണ്" (2:261).

സത്യമതത്തിന് വേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും ചെലവഴിക്കുമ്പോൾ അത് തങ്ങൾക്കുവേണ്ടിയുള്ള ചെലവഴിക്കൽ തന്നെയാണ്, അഥവാ അതിന്റെ പ്രതിഫാലം ചെലവഴിക്കുന്നവർക്കുതന്നെയാണ് എന്നും ക്വുർആൻ ഉണർത്തുന്നു.

"...നല്ലതായ എന്തെങ്കിലും നിങ്ങൾ ചെലവഴിക്കുകയാണെങ്കിൽ അത് നിങ്ങളുടെ നന്മയ്ക്ക് വേണ്ടി തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ട് മാത്രമാണ് നിങ്ങൾ ചെലവഴിക്കേണ്ടത്. നല്ലതെന്ത് നിങ്ങൾ ചെലവഴിച്ചാലും അതിന്നുള്ള പ്രതിഫലം നിങ്ങൾക്ക് പൂർണമായി നൽകപ്പെടുന്നതാണ്. നിങ്ങളോട് ഒട്ടും അനീതി കാണിക്കപ്പെടുകയില്ല" (2:272).

എന്നാൽ ചെലവഴിക്കുന്നത് ലോകമാന്യത്തിനുവേണ്ടിയാകുന്നതും ആർക്കു നൽകിയോ അവരെ അതിന്റെ പേരിൽ ശല്യപ്പെടുത്തുന്നതും ശിക്ഷാർഹവും കൊടുത്തതിന്റെ പ്രതിഫലം ഇല്ലാതാക്കുന്നതുമാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.




# നമ്മുടെ രാജ്യത്തെ കോടതികൾ

**അബൂആദം അയ്മൻ**

### വിജിലൻസ് കോടതി

വിജിലൻസ് സ്പെഷ്യൽ കോടതി (Vigilance Special Court) ഗവണ്മെന്റ് ഉദ്യോഗസ്ഥർ, സ്വയം ഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ഗവണ്മെന്റ് സഹായത്തോടെ നടത്തുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ മുതലായവർക്കെതിരായ അഴിമതിയാരോപണക്കേസുകൾ വിചാരണചെയ്യുന്ന കോടതിയാണ്. സെഷൻസ് ജഡ്ജിയോ അഡീഷണൽ സെഷൻസ് ജഡ്ജിയോ ആയി ജോലിനോക്കുന്നവരോ, ജോലിനോക്കിയിട്ടുള്ളവരോ ഈ കോടതിയിൽ സ്പെഷ്യൽ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യരാണ്. കേന്ദ്ര ഗവണ്മെന്റിനോ സംസ്ഥാന ഗവണ്മെന്റിനോ ഈ നിയമനം നടത്താം. ജില്ലാജഡ്ജിമാരാണ് വിജിലൻസ് കോടതി സ്പെഷ്യൽ ജഡ്ജിമാരായി പ്രവർത്തിച്ചുവരുന്നത്.

അഴിമതിക്ക് പ്രോത്സാഹനം നൽകിയവർ ഉൾപ്പെടെയുള്ള പ്രതികൾക്കെതിരായ കുറ്റങ്ങളിൽ, അഴിമതിനിരോധന നിയമപ്രകാരമുള്ള കുറ്റങ്ങൾക്കു പുറമെ ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള കുറ്റങ്ങളും ഉൾപ്പെടാവുന്നതാണ്. അതുകൊണ്ട് സെഷൻസ് ജഡ്ജിയുടെ അധികാരംകൂടിയുള്ള ജില്ലാ ജഡ്ജിക്കുതന്നെ കേസ് വിചാരണ ചെയ്ത് തീർച്ച ചെയ്യാവുന്നതാണ്. വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. വിജിലൻസ് കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകളുടെ അന്വേഷണം നടത്തുന്നത് വിജിലൻസ് വിഭാഗം എസ്. പി.യോ തത്തുല്യമായ യോഗ്യതയുള്ള ഒരു പൊലീസ് ഓഫീസറോ മാത്രമായിരിക്കണം.

### സാമ്പത്തിക കുറ്റവിചാരണക്കോടതി

സാമ്പത്തിക കുറ്റവിചാരണക്കോടതി (Economic Offence Court) സാമ്പത്തിക കുറ്റകൃത്യങ്ങൾ (വിദേശനാണ്യനിയമങ്ങളുടെ ലംഘനം തുടങ്ങിയവ) സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതിയാണ്. ജില്ലാ സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ളയാളായിരിക്കും ഈ കോടതിയിലെ ന്യായാധിപൻ. വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

### മയക്കുമരുന്നു നിയമക്കോടതി

മയക്കുമരുന്നു നിയമക്കോടതി (Narcotic Drugs and Psychotropic Substances Court) മയക്കുമരുന്ന് ഉൽപാദിപ്പിക്കുക, കൈവശം വയ്ക്കുക, വിൽക്കുക, വാങ്ങുക. കയറ്റുമതി ചെയ്യുക, ഇറക്കുമതിചെയ്യുക മുതലായ കുറ്റങ്ങൾ വിചാരണചെയ്യുന്നതിനുള്ള പ്രത്യേക കോടതിയാണ്. സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ളയാളായിരിക്കും ഈ കോടതിയിലെ ന്യായാധിപൻ, വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

### ഇഎസ്ഐ കോടതി

ഇഎസ്ഐ കോടതി (ESI Court) ഇഎസ്ഐ ആനുകൂല്യങ്ങൾ സംബന്ധിച്ച തർക്കങ്ങൾ, ജോലിയിലിരിക്കെ മരിച്ചയാളുടെ ആശ്രിതർക്ക് നൽകേണ്ട നഷ്ടപരിഹാരം, തൊഴിലുടമകൾ ഇഎസ്ഐ യിൽ അടക്കേണ്ട വിഹിതം സംബന്ധിച്ച തർക്കങ്ങൾ മുതലായവയിന്മേൽ തീർപ്പുകൽപിക്കുന്ന കോടതിയാണ്. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ളയാളായിരിക്കും ഈ കോടതിയിലെ ജഡ്ജി. വിധിയിന്മേൽ ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാം.



2

# ഓട്ടിസം; ലക്ഷണങ്ങളും കാരണങ്ങളും

ഡോ. മുനവ്വർ

**ഡി. അചേത വസ്തുക്കളോടുള്ള അമിത താൽപര്യം** (Dominant Interest in Non-living Object).

ടെലിഫോൺ, മേശ, കളിപ്പാട്ടങ്ങൾ തുടങ്ങിയ അചേതന വസ്തുക്കളോട് മറ്റുള്ളവരോടു കാണിക്കുന്നതിനെക്കാൾ താൽപര്യം ഓട്ടിസം ബാധിച്ചവർ കാട്ടാറുണ്ട്. സാമൂഹികബന്ധങ്ങൾ ഉണ്ടാക്കുന്നതിലുള്ള പരാജയമാണ് ഇതിന് ഇവരെ പ്രേരിപ്പിക്കുന്നത്. ഇങ്ങനെ മറ്റുള്ളവരുടെ സാമീപ്യവും കണ്ണു കൊണ്ടുള്ള ബന്ധപ്പെടലും ഒഴിവാക്കുന്ന ഇവർ പൂർണമായ ഒറ്റപ്പെടൽ സ്വായത്തമാക്കും.

**ഇ. സംസാരശേഷി വികാസ വിമന്ദനം** (Retardation of Speech Development)

ഓട്ടിസം ബാധിച്ച കുട്ടികളിൽ കാണുന്ന മറ്റൊരു വൈകല്യം സംസാരശേഷിയുടെ വിമന്ദനമാണ്. ചിലപ്പോൾ സംസാരശേഷി ഒരിക്കലും ഉണ്ടായില്ലെന്നുവരാം. സംസാരശേഷിയുടെ വികാസത്തിലുണ്ടായ പരാജയത്തെയാണ് ഇതു സൂചിപ്പിക്കുന്നത്. സർവനാമം (pronoun) തെറ്റിച്ച് ഉപയോഗിക്കുക എന്നതും ഇവരിൽ കാണുന്ന ഒരു പ്രത്യേക സവിശേഷതയാണ്. ഉദാ: സ്വയസൂചകത്തിനു 'നിങ്ങൾ' എന്നും മറ്റുള്ളവരെ സൂചിപ്പിക്കുന്നതിന് 'ഞാൻ,' 'എന്റെ' എന്നീ പദങ്ങളും ഇവർ പ്രയോഗിക്കാറുണ്ട്.

**എഫ്. താളാത്മക ചലന പ്രകടനം** (Exhibition of Rhythmical Movements)

ശരീരം ആട്ടിക്കൊണ്ടിരിക്കുക, ഉരുണ്ടുകൊണ്ടിരിക്കുക, ചാടിക്കൊണ്ടിരിക്കുക അല്ലെങ്കിൽ തലയാട്ടിക്കൊണ്ടിരിക്കുക തുടങ്ങിയ സ്വഭാവങ്ങൾ ഓട്ടിസം ബാധിച്ചിട്ടുള്ളവരിൽ കാണാവുന്നതാണ്. ഫാൻ പോലുള്ള കറങ്ങിക്കൊണ്ടിരിക്കുന്ന വസ്തുക്കൾ ഇവരെ പ്രലോഭിപ്പിക്കാറുണ്ട്.

**ജി. വലിയ ശബ്ദത്തോടുള്ള പേടി** (Afraid of Loud Noise)

മൈക്കിന്റെ ശബ്ദം, വാഹനങ്ങളുടെ ശബ്ദം പോലുള്ളവ തുടങ്ങിയവ ഓട്ടിസം ബാധിച്ചവരിൽ പേടി ഉളവാക്കാറുണ്ട്.

**ഓട്ടിസത്തിന്റെ കാരണങ്ങൾ**

ഓട്ടിസത്തിന്റെ മാനസികവും ശാരീരികവുമായിട്ടുള്ള നിരവധി കാരണങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്.

**1. കുടുംബ ബന്ധങ്ങളിലെ പരസ്പര പ്രവർത്തനത്തിന്റെ അഭാവം** (Lack of family Interaction)

മാതാപിതാക്കളിൽ നിന്നും കുട്ടികൾക്കുണ്ടാകുന്ന അകൽച്ചയാണ് ഓട്ടിസത്തിലേക്ക് അവരെ തള്ളി വിടുന്നതെന്നാണ് പല മനശ്ശാസ്ത്രജ്ഞന്മാരും അഭിപ്രായപ്പെടുന്നത്. ഇത്തരം കുട്ടികളുടെ രക്ഷാകർത്താകൾ സാമൂഹിക ബന്ധങ്ങളോട് പൊതുവിൽ നിസ്സംഗത പുലർത്തുന്നവരാണ്. ശൈശവത്തിൽ മാതാവുമായി അടുത്തബന്ധം പുലർത്താൻ കഴിയാതെ വന്നാൽ ഭാഷാപരമായ കഴിവിന്റെ വികാസം ഉണ്ടാകുന്നതല്ല. ഇതു സാമൂഹികവൽക്കരണത്തെ പ്രതികൂലമായി ബാധിക്കും.

**2. സിരാസംബന്ധമായ അസാമാന്യത** (Neurological Abnormalities)

തലച്ചോറിന്റെ തകരാറുമൂലം ഉണ്ടാകുന്ന സിരാസംബന്ധമായ സാമാന്യതയും ഓട്ടിസവും തമ്മിൽ ഏറെ ബന്ധമുണ്ട്. ഓട്ടിസം ബാധിച്ചവരുടെ വിദ്യുദ് മസ്തിഷ്കലേഖ (Electro Encephalogram-EEG) ത്തിൽ അപസാമാന്യത ഉള്ളതായി നിരവധി പഠനങ്ങൾ സൂചിപ്പിക്കുന്നു. പൊതുവിൽ ഇവരുടെ വിദ്യുത് മസ്തിഷ്കലേഖം സൂചിപ്പിക്കുന്നത് മസ്തിഷ്കം ശരിക്കും വളർച്ച പ്രാപിച്ചിട്ടില്ല എന്നാണ്. സിരാസംബന്ധമായ ഇത്തരം അപസാമാന്യതയ്ക്ക് പല കാരണങ്ങളുണ്ട്. ചില കുട്ടികളിൽ ഇതു പാരമ്പര്യസിദ്ധിയായിരിക്കും; മാതാപിതാക്കൾക്കുണ്ടാകുന്ന പരിക്കുകൾ മൂലമോ അല്ലെങ്കിൽ ജനനശേഷം ഉണ്ടാകുന്ന സമ്മർദം മൂലമോ ആകാം മറ്റു ചിലരിൽ സിരാസംബന്ധമായ അസാമാന്യത ഉണ്ടാകുന്നത്.

***(അവസാനിച്ചില്ല)***



# ഫിത്‌നയും മുസ്‌ലിംകളുടെ നിലപാടും


## ശൈഖ് സ്വാലിഹ് ആലുശൈഖ്

വിവ: സിയാദ് കണ്ണൂർ

: +966 57 065 9840


**ഒന്നാമത്തെ മാർഗനിർദേശം**

ഫിത്‌ന വെളിപ്പെടുകയും അവസ്ഥകളിൽ മാറ്റം വരികയും ചെയ്താൽ സൗമ്യതയോടും അവധാനതയോടും വിവേകത്തോടുംകൂടി, എടുത്തുചാടാതെ പ്രവർത്തിക്കണം.

ഇതു വളരെ പ്രധാനപ്പെട്ട ഒരു തത്ത്വമാണ്. സൗമ്യതയും അവധാനതയും വിവേകവും കാണിക്കണം.

*1.സൗമ്യത:* നബി(സ്വ) ഇപ്രകാരം പറഞ്ഞതായി സ്വഹീഹിൽ സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്: "ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്. അത് നീക്കംചെയ്യപ്പെട്ടാൽ ഏതും വികൃതമാണ്" (സ്വഹീഹു മുസ്‌ലിം: 4698).

'ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്' എന്നതിലെ 'ശൈഅ്' എന്ന പദത്തെ പണ്ഡിതന്മാർ വിശദീകരിച്ചത് ഇപ്രകാരമാണ്: 'അത് സാർവത്രികമായ ഒരു പദമാണ്. അതിൽ എല്ലാം ഉൾകൊള്ളുന്നുണ്ട്. അതിനാൽ സൗമ്യത എല്ലാ കാര്യത്തിലും സ്തുത്യർഹമാണ്. സ്വിദ്ദീഖിന്റെ മകൾ ആഇശ(റ)യോട് നബി(സ്വ) ഇപ്രകാരം പറയുകയുണ്ടായി: "ഓ ആഇശാ! നിശ്ചയം, അല്ലാഹു എല്ലാ കാര്യത്തിലും സൗമ്യത ഇഷ്ടപ്പെടുന്നു.' ഇമാം ബുഖാരി ഈ ഹദീസ് ഉദ്ധരിച്ചത് 'എല്ലാകാര്യങ്ങളിലും സൗമ്യത' എന്ന അധ്യായത്തിനു കീഴിലാണ്.

അതിനാൽ, എല്ലാകാര്യങ്ങളിലും നിങ്ങൾ സൗമ്യതയും സമചിത്തതയും കാണിക്കുക. നിങ്ങൾ കോപിക്കരുത്; പരുഷതകാണിക്കുകയുമരുത്. എന്തെന്നാൽ, സൗമ്യത കാണിച്ചതിന്റെപേരിൽ നിങ്ങൾക്കൊരിക്കലും ഖേദിക്കേണ്ടിവരികയില്ല. മാത്രമല്ല, 'ഏതൊരു കാര്യത്തിലും സൗമ്യത അലങ്കാരമാണ്.'

നിങ്ങളുടെ ചിന്തകളിലും അഭിപ്രായങ്ങളിലും നിങ്ങൾക്ക് മുമ്പിൽ വരുന്ന പ്രശ്നങ്ങളിലും നിങ്ങൾ തീർപ്പുകൽപിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിലും നിങ്ങൾ സൗമ്യത കാണിക്കുക. നിങ്ങൾ എടുത്തുചാടരുത്; എടുത്തുചാടുന്നവരോടൊപ്പം ആകുകയും ചെയ്യരുത്; (അനാവശ്യമായി) ധൃതിപ്പെടുന്നവരോടൊപ്പവും ആകരുത്. നിങ്ങൾ സൗമ്യത കാണിക്കുക. 'ഏതൊരുകാര്യത്തിലും സൗമ്യത അലങ്കാരമാണ്' എന്ന പ്രവാചകവചനമാണ് നമുക്ക് മാതൃക. അതിനാൽ, നിങ്ങൾ പ്രസന്നതയുള്ളവരാവുക; പ്രസന്നവദനരായി കാര്യങ്ങൾ കൈകാര്യം ചെയ്യുക.

നിർദയത്വത്തെ തൊട്ട് നിങ്ങൾ ജാഗരൂകരാകുക. എന്തെന്നാൽ, നിർദയത്വം നിങ്ങളുടെ വാക്കിൽനിന്നും പ്രവൃത്തിയിൽനിന്നും മുഴുവൻ വസ്തുക്കളിൽ നിന്നും കാരുണ്യത്തെ മുറിച്ചുകളയും.

*2. അവധാനത:* അശജ്ജ് അബ്ദുൽകൈ്വസി(റ)നോട് ഒരിക്കൽ നബി(സ്വ) പറഞ്ഞു: 'അല്ലാഹുവിന് ഇഷ്ടമുള്ള രണ്ട് സ്വഭാവങ്ങൾ നിന്നിലുണ്ട്.1. വിവേകം 2. അവധാനത' (മുസ്‌ലിം).

അവധാനത സ്തുത്യർഹമായ ഒരു സ്വഭാവമാണ്. അല്ലാഹു പറഞ്ഞു: 'മനുഷ്യൻ ഗുണത്തിന് വേണ്ടി പ്രാർഥിക്കുന്നതുപോലെത്തന്നെ ദോഷത്തിന് വേണ്ടിയും പ്രാർഥിക്കുന്നു. മനുഷ്യൻ ഏറെ തിടുക്കംകൂട്ടുന്നവനായിരിക്കുന്നു" (അൽഇസ്‌റാഅ്: 11).

പണ്ഡിതന്മാർ പറഞ്ഞു: 'തിടുക്കം കൂട്ടുന്ന മനുഷ്യനെ ഇതിലൂടെ ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. കാരണം ആർക്കെങ്കിലും ഈ ഒരു സ്വഭാവമുണ്ടെങ്കിൽ അവൻ ആക്ഷേപാർഹനാണ്. അതിനാൽ നബി(സ്വ) ഒരിക്കലും തിടുക്കം കൂട്ടുന്നയാളായിരുന്നില്ല.

*3. വിവേകം:* ഫിത്‌ന കൊണ്ട് സാഹചര്യങ്ങളിൽ മാറ്റം വരുമ്പോൾ വിവേകം ഒരു പ്രശംസനീയ സ്വഭാവം തന്നെയാണ്. കാരണം, വിവേകമുണ്ടെങ്കിൽ മാത്രമെ കാര്യങ്ങളുടെ യാഥാർഥ്യത്തെ കാണാനും മനസ്സിലാക്കാനും സാധിക്കുകയുള്ളൂ. സൗമ്യതയോടും അവധാനതയോടും



വിവേകത്തോടുംകൂടി, എടുത്തുചാടാതെ പ്രവർത്തിക്കണം.

സ്വഹീഹുമുസ്‌ലിമിൽ ഇപ്രകാരം കാണാം: 'മുസ്തൗരിദ് അൽകുറശി(റ) നിവേദനം: അദ്ദേഹത്തിനു സമീപം അംറുബ്‌നുൽആസ്വും(റ) ഉണ്ടായിരുന്നു. റസൂൽ(സ്വ) പറയുന്നതായി ഞാൻ കേട്ടു: 'റോമക്കാർ അധികരിച്ചാലാണ് അന്ത്യനാൾ സംഭവിക്കുക.' അപ്പോൾ അംറ്(റ) അദ്ദേഹത്തോട് പറഞ്ഞു: 'താങ്കൾ പറയുന്നത് ഉറപ്പാക്കുക!' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരി(സ്വ)ൽനിന്ന് കേട്ടതാണ് ഞാൻ താങ്കളോട് പറയുന്നത്.' അപ്പോൾ അംറ് (റ) പറഞ്ഞു: 'അങ്ങനെയാണെങ്കിൽ, അത് റോമക്കാരിലുള്ള നാലു സൽഗുണങ്ങൾ കാരണമായിട്ടാണ്: (ഒന്ന്) ഫിത്‌നയുണ്ടാകുമ്പോൾ ജനങ്ങളോട് ഏറ്റവും വിവേകികളായിരിക്കും. (രണ്ട്) ഒരു ആപത്തിനുശേഷം ദ്രുതഗതിയിൽ പൂർവസ്ഥിതി പ്രാപിക്കും. (മൂന്ന്): ദ്രുതഗതിയിൽ പൂർവസ്ഥിതി പ്രാപിക്കുകയും പരാജയത്തിനു ശേഷം വീണ്ടും അക്രമണം നടത്താൻ കോപ്പുകൂട്ടുകയും ചെയ്യും. (നാല്) അഗതികളോടും അനാഥകളോടും ദുർബലരോടും കാരുണ്യത്തോടെ പെരുമാറും. അഞ്ചാമത്തേത് നല്ലതും സുന്ദരവുമാണ്. അതായത്, രാജാക്കന്മാരുടെ അന്യായങ്ങളിൽ നിന്ന് അവർ ആളുകളെ പ്രതിരോധിക്കുന്നവരാണ്.' (മുസ്‌ലിം).

പണ്ഡിതന്മാർ പറഞ്ഞു: 'അംറുബ്‌നുൽ ആസ്വിന്റെ ഈ വാക്ക് റോമാക്കാരെയും അവിശ്വാസികളായ ക്രിസ്ത്യാനികളെയും പ്രശംസിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. പ്രത്യുത, അവസാനനാളിലുള്ള അവരുടെ ആധിക്യം, ഫിത്‌നയുടെ അവസരത്തിൽ ഏറ്റവും വിവേകത്തോടെ പ്രവർത്തിക്കുന്നത് കാരണമാണ് എന്ന് മുസ്‌ലിംകൾക്ക് വിശദീകരിച്ചുകൊടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അദ്ദേഹം അതു പറഞ്ഞത്. അവരുടെ വിവേകം കാരണമായി പ്രശ്‌നങ്ങൾ പരിശോധിക്കാനും അവ പരിഹരിക്കാനും അവർക്ക് സാധിക്കുന്നു. അതിലൂടെ, സ്വന്തത്തെയും അവരുടെ ആൾക്കാരെയും രക്ഷിക്കാൻ അവർക്ക് സാധിക്കുന്നു.' സ്വഹീഹ് മുസ്‌ലിമിന്റെ വിശദീകരണത്തിൽ സനൂസിയും അൽഉബിയും പറയുന്നതാണിത്.

ഇത് പ്രവാചകനിൽനിന്നുള്ള മൃദുലമായ ഒരു താക്കീതാണ്. കാരണം, ജനങ്ങളിൽ ഭൂരിഭാഗവും റോമാക്കാരാകുന്നതുവരെ അന്ത്യനാൾ സംഭവിക്കുകയില്ല എന്ന്

**നിങ്ങളുടെ ചിന്തകളിലും അഭിപ്രായങ്ങളിലും നിങ്ങൾക്ക് മുമ്പിൽ വരുന്ന പ്രശ്‌നങ്ങളിലും നിങ്ങൾ തീർപ്പുകൽപിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളിലും നിങ്ങൾ സൗമ്യത കാണിക്കുക. നിങ്ങൾ എടുത്തുചാടരുത്; എടുത്തുചാടുന്നവരോടൊപ്പം ആകുകയും ചെയ്യരുത്; (അനാവശ്യമായി) ധൃതിപ്പെടുന്നവരോടൊപ്പവും ആകരുത്. നിങ്ങൾ സൗമ്യത കാണിക്കുക. 'ഏതൊരുകാര്യത്തിലും സൗമ്യത അലങ്കാരമാണ്' എന്ന പ്രവാചകവചനമാണ് നമുക്ക് മാതൃക. അതിനാൽ, നിങ്ങൾ പ്രസന്നതയുള്ളവരാവുക; പ്രസന്നവദനരായി കാര്യങ്ങൾ കൈകാര്യം ചെയ്യുക. നിർദയത്വത്തെ തൊട്ട് നിങ്ങൾ ജാഗരൂകരാകുക. എന്തെന്നാൽ, നിർദയത്വം നിങ്ങളുടെ വാക്കിൽനിന്നും പ്രവൃത്തിയിൽനിന്നും മുഴുവൻ വസ്തുക്കളിൽ നിന്നും കാരുണ്യത്തെ മുറിച്ചുകളയും.**



**അല്ലാഹു പറഞ്ഞു: 'മനുഷ്യൻ ഗുണത്തിന് വേണ്ടി പ്രാർഥിക്കുന്നതു പോലെത്തന്നെ ദോഷത്തിന് വേണ്ടിയും പ്രാർഥിക്കുന്നു. മനുഷ്യൻ ഏറെ തിടുക്കംകൂട്ടുന്നവനായിരിക്കുന്നു'' (അൽഇസ്റാഅ്: 11). പണ്ഡിതന്മാർ പറഞ്ഞു: 'തിടുക്കം കൂട്ടുന്ന മനുഷ്യനെ ഇതിലൂടെ ആക്ഷേപിക്കുകയാണ് ചെയ്യുന്നത്. കാരണം ആർക്കെങ്കിലും ഈ ഒരു സ്വഭാവമുണ്ടെങ്കിൽ അവൻ ആക്ഷേപാർഹനാണ്. അതിനാൽ നബി(സ്വ) ഒരിക്കലും തിടുക്കം കൂട്ടുന്നയാളായിരുന്നില്ല.**

അറിയിക്കുകയാണ്. എന്തുകൊണ്ടാണ് (അന്ത്യനാളടുക്കുമ്പോൾ റോമാക്കാർ അധികരിക്കുന്നത്) ?

അംറുബ്നുൽ ആസ്(റ) പറഞ്ഞു: 'കാരണം അവരിൽ നാലു സ്വഭാവസവിശേഷതകളുണ്ട്: അവയിൽ ഒന്ന് (ആ സ്വഭാവസവിശേഷതകളിൽ നമ്മെ ആകർഷിക്കുന്നത് ഇതാണ്): ഫിത്നയുടെ അവസരത്തിൽ ജനങ്ങളിൽ ഏറ്റവും വിവേകം കാണിക്കുന്നത് അവരാണ്. അതായത്: അവസ്ഥകൾ മാറുകയും ഫിത്ന വെളിപ്പെടുകയും ചെയ്താൽ, അവർ വിവേകത്തോടെ പ്രവർത്തിക്കും. അവർ തിടുക്കം കാണിക്കുകയോ കോപിക്കുകയോ ഇല്ല. ക്രിസ്ത്യാനികളായ അവരുടെ ആൾക്കാരെ കൊലക്ക് കൊടുക്കാനും അവരുടെമേൽ കൂടുതൽ ഫിത്നകൾ വരുത്തിവെക്കാനും അവർ തയ്യാറല്ല. എന്തെന്നാൽ, ഫിത്ന പ്രത്യക്ഷപ്പെട്ടാൽ, തങ്ങൾതന്നെയാണ് അതിൽ അകപ്പെടുക എന്ന് അവർക്ക് നന്നായറിയാം. ഈയൊരു സ്വഭാവസവിശേഷത കാരണത്താലാണ് അന്ത്യനാളടുക്കുമ്പോൾ ജനങ്ങളിൽ ഭൂരിഭാഗവും അവരായിത്തീരുന്നത്.

അംറുബ്നുൽആസ്(റ) പ്രശംസിച്ച റോമാക്കാരുടെ ഈ സ്വഭാവസവിശേഷത എന്തുകൊണ്ട് നാം സ്വീകരിക്കുന്നില്ല എന്ന് നാം അത്ഭുതപ്പെടുകയാണ്. കാരണം, അത് പ്രശംസനീയമായ ഒരു സ്വഭാവമാണ്. ഏതൊരു നന്മക്കും ഏറ്റവും അർഹരായവർ നമ്മളാണ്.

വിവേകം ഏതൊരു വിഷയത്തിലും പ്രശംസനീയമാണ്. വിവേകം, സൗമ്യത, അവധാനത എന്നിവയിലൂടെ ബുദ്ധിമാനായ ഒരാളുടെ ചിന്തകൾ പ്രകാശമാനമാകും. ഇത്തരം സ്വഭാവങ്ങൾ ഒരാളുടെ ബുദ്ധിയെയും ജ്ഞാനത്തെയും അറിയിക്കുന്നു.

അപ്പോൾ, ഫിത്ന വെളിപ്പെടുകയും അവസ്ഥകൾ മാറുകയും ചെയ്താൽ അഹ്‌ലുസ്സുന്നതി വൽജമാഅ സ്വീകരിക്കുന്ന ഒന്നാമത്തെ മാർഗനിർദേശമാണിത്.

(ഞാൻ ഇവിടെസൂചിപ്പിച്ചവയിൽ) ചിലത് തത്ത്വങ്ങളും ചിലത് മാർഗനിർദേശങ്ങളുമാണ്. ഞാൻ അവയെ സംയോജിപ്പിച്ചത് ആശയപരമായി ഒന്ന് മറ്റൊന്നുമായി പങ്കുചേരുന്നു എന്നതുകൊണ്ടാണ്.

**രണ്ടാമത്തെ മാർഗനിർദേശം**

ഫിത്ന വെളിപ്പെടുകയോ അവസ്ഥകൾ മാറുകയോ ചെയ്താൽ, വ്യക്തമായി പഠിച്ചു മനസ്സിലാക്കിയ ശേഷമല്ലാതെ ഫിത്നയും അവസ്ഥമാറ്റവുമായി ബന്ധപ്പെട്ട ഒരു വിഷയത്തെ കുറിച്ചും തീർപ്പ് നൽകരുത്. അതിനുള്ള കാരണം ഈ ഒരു തത്ത്വമാണ്: 'ഒരു വിഷയത്തെ സംബന്ധിച്ച തീർപ്പ് ആ വിഷയത്തെ കുറിച്ചുള്ള ധാരണയുടെ ഭാഗമാണ്.'

ഇസ്‌ലാമിന്റെ മുമ്പും ശേഷവും ബുദ്ധിയുള്ള ആളുകൾ ഈ ഒരു മാർഗനിർദേശം പാലിച്ചവരാണ്. നമുക്ക് അതിനുള്ള മതപരമായ തെളിവ് അല്ലാഹുവിന്റെ ഈ വചനമാണ്:

"നിനക്ക് അറിവില്ലാത്ത യാതൊരുകാര്യത്തിന്റെയും പിന്നാലെ നീ പോകരുത്'' (അൽഇസ്റാഅ്: 36). അതായത്, നിനക്ക് അറിവില്ലാത്തതും നീ പൂർണമായി ഗ്രഹിച്ചിട്ടില്ലാത്തതുമായ കാര്യത്തെ സംബന്ധിച്ച് സംസാരിക്കുന്നത് നീ സൂക്ഷിക്കുക. (അതിനെക്കുറിച്ച് സംസാരിക്കുന്നതുതന്നെ അപകടമാണ്. എന്നാൽ) അതിനെക്കാളെല്ലാം അപകടകരം, നീ ഒരു നേതാവാകുകയും നിന്നെ ആളുകൾ പിന്തുടരുകയും അതിൽ (അന്വേഷിച്ചറിയുന്നതിനുള്ള) വിധികർത്താവാക്കുകയും ചെയ്യുമ്പോഴാണ്.

**'ഒരു വിഷയത്തെ സംബന്ധിച്ച തീർപ്പ് ആ വിഷയത്തെക്കുറിച്ചുള്ള ധാരണയുടെ ഭാഗമാണ്.'**

ഈയൊരു തത്ത്വം നിങ്ങളുടെ നിത്യജീവിതത്തിലെ വിവിധ സാ



**'ഒരു വിഷയത്തെ സംബന്ധിച്ച തീർപ്പ് ആ വിഷയത്തെക്കുറിച്ചുള്ള ധാരണയുടെ ഭാഗമാണ്.' ഈയൊരു തത്ത്വം നിങ്ങളുടെ നിത്യജീവിതത്തിലെ വിവിധ സാഹചര്യങ്ങളിൽ ഉപയോഗപ്പെടുത്തണം. ഈ തത്ത്വം പാലിക്കുന്നതിന് ധിഷണ അനിവാര്യമാണ്. ഇത് പാലിച്ചാലല്ലാതെ ഒരു പ്രവർത്തനവും ശരിയാകുകയില്ല. കാരണം ഈയൊരു തത്ത്വം പാലിച്ചില്ലെങ്കിൽ അബദ്ധം പറ്റുമെന്ന കാര്യത്തിൽ സംശയമില്ല. മുഴുവൻ തീർപ്പുകളിലും സംസാരങ്ങളിലും ഈ തത്ത്വം സ്വീകരിക്കാൻ ശരീഅത്ത് ആവശ്യപ്പെടുന്നു.**

ഹചര്യങ്ങളിൽ ഉപയോഗപ്പെടുത്തണം. ഈ തത്ത്വം പാലിക്കുന്നതിന് ധിഷണ അനിവാര്യമാണ്. ഇത് പാലിച്ചാലല്ലാതെ ഒരു പ്രവർത്തനവും ശരിയാകുകയില്ല. കാരണം ഈയൊരു തത്ത്വം പാലിച്ചില്ലെങ്കിൽ അബദ്ധം പറ്റുമെന്ന കാര്യത്തിൽ സംശയമില്ല. മുഴുവൻ തീർപ്പുകളിലും സംസാരങ്ങളിലും ഈ തത്ത്വം സ്വീകരിക്കാൻ ശരീഅത്ത് ആവശ്യപ്പെടുന്നു. ഈ തത്ത്വം മനസ്സിലാകുന്നതിന് ചില ഉദാഹരണങ്ങൾ ഞാൻ പറയാം:

ഉദാ: ഞാൻ നിങ്ങളിൽപെട്ട ഒരാളോട് ചോദിക്കുകയാണ്, 'മുറാബഹ എന്ന ഇടപാടിനെ സംബന്ധിച്ച ഇസ്‌ലാമികവിധിയെന്താണ്?' അപ്പോൾ നിങ്ങളിലൊരാൾ പറഞ്ഞേക്കും: 'ലാഭം (റബ്ഹ്) അനുവദനീയമാണ്. ശരീഅത്തിൽ അതിന് ഒരു കുഴപ്പവുമില്ല. അതുകൊണ്ടുതന്നെ മുറാബഹയിലൂടെയുള്ള കച്ചവടത്തിന് കുഴപ്പമില്ല.'

ഈ വിഷയത്തിലുള്ള അയാളുടെ തീർപ്പ് തെറ്റാണ്. കാരണം 'മുറാബഹ' എന്ന ഇടപാടിനെ സംബന്ധിച്ച ഇസ്‌ലാമികവിധി എന്താണ് എന്ന ചോദ്യത്തിനു പിന്നിലുള്ള ചോദ്യകർത്താവിന്റെ ഉദ്ദേശ്യം അയാൾ നേരാംവണ്ണം ഗ്രഹിച്ചിട്ടില്ല.

മുറാബഹ എന്നാൽ കച്ചവടത്തിലുള്ള ലാഭമാണ് എന്ന് അയാൾ ഗ്രഹിച്ചു. ഇതിലുള്ള തെറ്റായ ഈ ഗ്രാഹ്യത നിമിത്തം അയാൾക്ക് തന്റെ മതവിധിയിൽ തെറ്റുപറ്റി.

മതപരമായ ഒരു തീർപ്പ് ശരിയായ ഒരു ഗ്രാഹ്യതയുടെ അടിസ്ഥാനത്തിൽ പടുത്തുയർത്തിയതായിരിക്കണം. അനുവദനീയമല്ലാത്ത ക്രയവിക്രയങ്ങളിൽ പെട്ട ഒന്നാണ് മുറാബഹ. കാരണം, പലിശയെ മറച്ചുവെക്കാനുള്ള ഒരു തന്ത്രമായി ചില ഇസ്‌ലാമിക ബേങ്കുകൾ അതിനെ ഉപയോഗപ്പെടുത്തുന്നു.

അതിന്റെ ശരിയായവശം ഇതാണ്: നിങ്ങൾക്കു വേണ്ടി ഒരു വസ്തു വാങ്ങാൻ നിങ്ങൾ മറ്റൊരാളെ ഉത്തരവാദപ്പെടുത്തും. ഉത്തരവാദപ്പെടുത്തിയശേഷം പൂർത്തീകരിക്കാൻ ബാധ്യസ്ഥമായ ഒരു കരാറുണ്ടാകും. പൂർത്തീകരിക്കാമെന്ന നിലക്കുള്ള ഈ കരാർ ശരീഅത്തിൽ അനുവദനീയമല്ല. അതിനാൽ മുറാബഹ അനുവദനീയമല്ല.

മറ്റൊരു ഉദാഹരണം: 'ഒരു വിഷയത്തെ സംബന്ധിച്ച തീർപ്പ് ആ വിഷയത്തെ കുറിച്ച് മനസ്സിലാക്കിയതിന്റെ ഭാഗമാണ്' എന്ന ആ തത്ത്വം മനസ്സിലാക്കാനുതകുന്നതാണ്. 'യഹോവാസാക്ഷികളെ സംബന്ധിച്ചുള്ള വിധിയെന്താണ്' എന്ന് നിങ്ങളോട് ചോദിക്കുകയാണെങ്കിൽ നിങ്ങളെന്തു മറുപടി പറയും?

അതിനെപ്പറ്റി നല്ല ധാരണയുള്ള വ്യക്തിയാണെങ്കിൽ, ഇങ്ങനെ പറയും: 'അത് ഇന്നയിന്ന വിഭാഗമാണ്. അവരെ സംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ വിധി ഇന്നതാണ്.'

അതല്ലെങ്കിൽ ഇപ്രകാരം പറഞ്ഞെന്നു വരും: 'യഹോവാസാക്ഷികളെന്ന ഈ വിഭാഗം ഏതാണെന്ന് എനിക്കറിയില്ല. ഇതിനു മുമ്പ് ഞാൻ അവരെക്കുറിച്ച് കേട്ടിട്ടില്ല.'

ഇങ്ങനെയുള്ള അവസ്ഥയിൽ നിങ്ങൾക്ക് അവരെ സംബന്ധിച്ച ഒരു വിധി പറയുക സാധ്യമല്ല. അതിലുള്ള ഇസ്‌ലാമികവിധി വിശദീകരിക്കാനും സാധ്യമല്ല. കാരണം അവരെക്കുറിച്ച ശരിയായ വിവരം നിങ്ങളുടെ പക്കലില്ല. അവർ ആരാണ്, അവരുടെ ആദർശമെന്താണ്, അവർ മുസ്‌ലിംകളാണോ, ക്രൈസ്തവരാണോ, ജൂതന്മാരാണോ എന്നൊന്നും നിങ്ങൾക്കറിയില്ല. അതിനാൽ അവരെക്കുറിച്ച് വിശദമായി അറിഞ്ഞാലല്ലാതെ അവരെ സംബന്ധിച്ച ഒരു വിധി നിങ്ങൾ പറയുകയില്ല.

അത് മനസ്സിലായിക്കഴി

ഞ്ഞാൽ, ഒരു വിധികർത്താവോ, മുഫ്തിയോ, ശറഇയായ വിഷയങ്ങൾ സംസാരിക്കുന്നവനോ രണ്ടു കാര്യങ്ങൾ പൂർത്തീകരിച്ചെങ്കിലല്ലാതെ സംസാരിക്കാൻ പാടില്ല. സ്വന്തത്തോടും മുഴുവൻ മുസ്‌ലിംകളോടുമുള്ള ബാധ്യത നിർവഹിക്കുന്നതിനും പാപത്തിലകപ്പെടുന്നതിൽ നിന്നും അറിവ് കൂടാതെ അല്ലാഹുവിനെക്കുറിച്ച് പറയുന്നതിൽനിന്നും സ്വന്തത്തെ സംരക്ഷിക്കുന്നതിനും അതാണ് ഉചിതം. ആ രണ്ട് കാര്യങ്ങൾ ഇവയാണ്:

1. തന്റെമുന്നിലുള്ള വിഷയം നന്നായി മനസ്സിലാക്കണം. മറ്റൊരു വിഷയവുമായി ഇതിനെ കൂട്ടിക്കുഴക്കരുത്. കാരണം, ഒരുപോലുള്ള ചില കാര്യങ്ങളും വിഷയങ്ങൾക്കിടയിലുണ്ടാകാം. അപ്പോൾ, സമാനമായ ഒരു വിഷയത്തിൽ മനസ്സ് ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ മറ്റേതെങ്കിലും വിഷയവുമായി കൂട്ടിക്കുഴഞ്ഞ് അബദ്ധം പറ്റാൻ സാധ്യതയുണ്ട്.

2. പ്രസ്തുത വിഷയത്തിലുള്ള അല്ലാഹുവിൽനിന്നും റസൂലിൽനിന്നുമുള്ള വിധിയാണ് അറിയേണ്ടത്. അല്ലാതെ അതിനോട് സാദൃശ്യമുള്ള മറ്റു വിഷയങ്ങളിലുള്ള വിധിയല്ല.

ഇതു സ്ഥിരപ്പെട്ടുകഴിഞ്ഞാൽ, ഇതാ സുപ്രധാനമായ ഒരു ചോദ്യം: “ഈ ഗ്രാഹ്യത എനിക്ക് എങ്ങനെ ലഭിക്കും? ഈ വിഷയത്തെ ഞാൻ എങ്ങനെ മനസ്സിലാക്കും? ആരിൽനിന്നും അത് മനസ്സിലാക്കും?’ കാരണം ചില വിഷയങ്ങൾ തമ്മിൽ സാദൃശ്യമുണ്ട്. മറ്റുചിലത് പ്രയാസമേറിയതാണ്. ചില വിഷയങ്ങളിൽ സത്യവും വ്യക്തവുമായ ഗ്രാഹ്യത നൽകാൻ പര്യാപ്തമായ ഒരാളെ എനിക്ക് കണ്ടെത്താൻ സാധിച്ചില്ലെന്നുവരും.

മറുപടി: ശറഇയ്യായ വിധി പ്രസ്താവിക്കുന്നതിനുള്ള ഗ്രാഹ്യത ലഭിക്കാൻ രണ്ടു മാർഗങ്ങളാണുള്ളത്:

ഒന്ന്: ചോദ്യം ചോദിക്കുന്ന വ്യക്തിയിൽനിന്ന്. കാരണം ചോദ്യകർത്താവാണ് വിഷയം അഭിമുഖീകരിക്കുന്നത്. അതിനാൽ, അവൻ ചോദിക്കുകയും വിശദീകരിക്കുകയും ചെയ്യുകയാണെങ്കിൽ, കൃത്യമായ ഗ്രാഹ്യത ലഭിക്കും. അങ്ങനെ ചോദ്യത്തിനനുസൃതമായ വിധി നൽകാൻ മുഫ്തിക്ക് സാധിക്കും.

രണ്ട്: കൃത്യമായി വിവരിക്കാൻ കഴിവുള്ള വിശ്വസ്തരായ മുസ്‌ലിംകൾ മുഖേനയും വിഷയം മനസ്സിലാക്കാൻ സാധിക്കും. വിവരണം കൃത്യമല്ലെങ്കിൽ വിധിയിൽ അബദ്ധം പിണയാൻ സാധ്യതയുണ്ട്. അതിനാൽ വിശ്വസ്തരും നീതിമാന്മാരുമായ ആളുകളിൽനിന്ന് വിവരം ശേഖരിക്കണം.

അപ്പോൾ, ഫിത്ന വെളിപ്പെടുകയും അവസ്ഥകൾ മാറുകയും ചെയ്യുന്ന അവസരത്തിൽ ഒരു കാഫിറിന്റെ വാക്കിനെ ആശ്രയിക്കരുത്. മതപരമായ ഒരു വിധി നൽകുന്നതിന് അതിനെ മാനദണ്ഡമാക്കരുത്. വിശ്വസ്തനും നീതിമാനുമായ ഒരു മുസ്‌ലിമിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മാത്രമെ മതവിധി നൽകാൻ പാടുള്ളൂ.

റസൂലിന്റെ ഹദീസുകൾ എല്ലാവരിൽനിന്നും സ്വീകരിക്കുകയില്ല. ആദ്യാവസാനം വിശ്വസ്തരും നീതിമാന്മാരുമായ റിപ്പോർട്ടർമാരുള്ള നിവേദകപരമ്പരയാണെങ്കിൽ മാത്രമെ സ്വീകരിക്കുകയുള്ളൂ. പരമ്പരയിൽ സ്വഭാവദൂഷ്യമുള്ള ഒരു ഫാസിക് (ദുർവൃത്തൻ) ഉണ്ട്, അല്ലെങ്കിൽ ഓർമപ്പിഴവുള്ള ഒരു വ്യക്തിയുണ്ട്, അതുമല്ലെങ്കിൽ റിപ്പോർട്ടുകൾ തമ്മിൽ ആശയക്കുഴപ്പം ഉള്ള ഒരുവനുണ്ട് എങ്കിൽ ആ റിപ്പോർട്ട് സ്വീകരിക്കുകയുമില്ല, അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഒരു മതവിധി പറയുകയുമില്ല. അതിനാൽ, ഈ തത്ത്വം (എല്ലാവിഷയങ്ങളിലും) പ്രയോഗത്തിൽ വരുത്തേണ്ടത് അനിവാര്യമാണ്.

ചുരുക്കത്തിൽ: ‘ഒരു വിഷയത്തെ സംബന്ധിച്ച തീർപ്പ് ആ വിഷയത്തെകുറിച്ചുള്ള ഗ്രാഹ്യതയുടെ ഭാഗമാണ്’ എന്ന തത്ത്വത്തിന്റെ അടിസ്ഥാനം സമ്പൂർണമായ ഗ്രാഹ്യതയാണ്. ശരിയായ ഗ്രാഹ്യത മതപരമായി ശരിയാകണമെങ്കിൽ അത് വിശ്വസ്തനും നീതിമാനുമായ ഒരു മുസ്‌ലിമിൽനിന്നും സ്വീകരിച്ചതായിരിക്കണം. അതല്ലെങ്കിൽ, ചോദ്യകർത്താവിൽനിന്നുതന്നെ ലഭിക്കണം. അവൻ ഫാസിക് ആയാലും ശരി.

*(തുടരും)*



**ശറഇയ്യായ വിധി പ്രസ്താവിക്കുന്നതിനുള്ള ഗ്രാഹ്യത ലഭിക്കാൻ രണ്ടു മാർഗങ്ങളാണുള്ളത്: ഒന്ന്: ചോദ്യം ചോദിക്കുന്ന വ്യക്തിയിൽനിന്ന്. കാരണം ചോദ്യകർത്താവാണ് വിഷയം അഭിമുഖീകരിക്കുന്നത്. അതിനാൽ, അവൻ ചോദിക്കുകയും വിശദീകരിക്കുകയും ചെയ്യുകയാണെങ്കിൽ, കൃത്യമായ ഗ്രാഹ്യത ലഭിക്കും. അങ്ങനെ ചോദ്യത്തിനനുസൃതമായ വിധി നൽകാൻ മുഫ്തിക്ക് സാധിക്കും.
രണ്ട്: കൃത്യമായി വിവരിക്കാൻ കഴിവുള്ള വിശ്വസ്തരായ മുസ്‌ലിംകൾ മുഖേനയും വിഷയം മനസ്സിലാക്കാൻ സാധിക്കും. വിവരണം കൃത്യമല്ലെങ്കിൽ വിധിയിൽ അബദ്ധം പിണയാൻ സാധ്യതയുണ്ട്. അതിനാൽ വിശ്വസ്തരും നീതിമാന്മാരുമായ ആളുകളിൽനിന്ന് വിവരം ശേഖരിക്കണം.**

അബ്ദുർറഹ്മാനുബ്ന നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 45

# അൽജാസിയ

(മുട്ടുകുത്തുന്നവ)

(മക്കയിൽ അവതരിച്ചത്)

قُل لِّلَّذِينَ ءَامَنُوا۟ يَغْفِرُوا۟ لِلَّذِينَ لَا
يَرْجُونَ أَيَّامَ ٱللَّهِ لِيَجْزِىَ قَوْمًۢا بِمَا كَانُوا۟
يَكْسِبُونَ ١٤
مَنْ عَمِلَ صَٰلِحًا فَلِنَفْسِهِۦ ۖ وَمَنْ أَسَآءَ
فَعَلَيْهَا ۖ ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ ١٥
وَلَقَدْ ءَاتَيْنَا بَنِىٓ إِسْرَٰٓءِيلَ ٱلْكِتَٰبَ وَٱلْحُكْمَ
وَٱلنُّبُوَّةَ وَرَزَقْنَٰهُم مِّنَ ٱلطَّيِّبَٰتِ وَفَضَّلْنَٰهُمْ
عَلَى ٱلْعَٰلَمِينَ ١٦
وَءَاتَيْنَٰهُم بَيِّنَٰتٍ مِّنَ ٱلْأَمْرِ ۖ فَمَا
ٱخْتَلَفُوٓا۟ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ
بَغْيًۢا بَيْنَهُمْ ۚ إِنَّ رَبَّكَ يَقْضِى بَيْنَهُمْ يَوْمَ
ٱلْقِيَٰمَةِ فِيمَا كَانُوا۟ فِيهِ يَخْتَلِفُونَ ١٧
ثُمَّ جَعَلْنَٰكَ عَلَىٰ شَرِيعَةٍ مِّنَ ٱلْأَمْرِ
فَٱتَّبِعْهَا وَلَا تَتَّبِعْ أَهْوَآءَ ٱلَّذِينَ لَا يَعْلَمُونَ
١٨

14. (നബിയേ,) നീ സത്യവിശ്വാസികളോട് പറയുക: അല്ലാഹുവിന്റെ (ശിക്ഷയുടെ) നാളുകൾ പ്രതീക്ഷിക്കാത്ത സത്യനിഷേധികൾക്ക് അവർ മാപ്പുചെയ്ത് കൊടുക്കണമെന്ന്. ഓരോ ജനതയ്ക്കും അവർ സമ്പാദിച്ച് കൊണ്ടിരിക്കുന്നതിന്റെ ഫലം അല്ലാഹു നൽകുവാൻ വേണ്ടിയത്രെ അത്.

15. വല്ലവനും നല്ലത് പ്രവർത്തിച്ചാൽ അത് അവന്റെ ഗുണത്തിന് തന്നെയാകുന്നു. വല്ലവനും തിന്മ പ്രവർത്തിച്ചാൽ അതിന്റെ ദോഷവും അവനു തന്നെ. പിന്നീട് നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് നിങ്ങൾ മടക്കപ്പെടുന്നതാണ്.

16. ഇസ്റാഈൽ സന്തതികൾക്ക് വേദഗ്രന്ഥവും വിജ്ഞാനവും പ്രവാചകത്വവും നാം നൽകുകയുണ്ടായി. വിശിഷ്ട വസ്തുക്കളിൽ നിന്ന് അവർക്ക് ആഹാരം നൽകുകയും ലോകരേക്കാൾ അവർക്ക് നാം ശ്രേഷ്ഠത നൽകുകയും ചെയ്തു.

17. അവർക്ക് നാം (മത) കാര്യത്തെപ്പറ്റിയുള്ള വ്യക്തമായ തെളിവുകൾ നൽകുകയും ചെയ്തു. എന്നാൽ അവർ ഭിന്നിച്ചത് അവർക്കു അറിവ് വന്നുകിട്ടിയതിനുശേഷം തന്നെയാണ്. അവർ തമ്മിലുള്ള മാത്സര്യം നിമിത്തമാണത്. ഏതൊരു കാര്യത്തിൽ അവർ ഭിന്നിച്ചു കൊണ്ടിരിക്കുന്നുവോ അതിൽ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കിടയിൽ നിന്റെ രക്ഷിതാവ് വിധി കൽപിക്കുക തന്നെ ചെയ്യും.

18. (നബിയേ,) പിന്നീട് നിന്നെ നാം (മത) കാര്യത്തിൽ ഒരു തെളിഞ്ഞ മാർഗത്തിലാക്കിയിരിക്കുന്നു. ആകയാൽ നീ അതിനെ പിന്തുടരുക. അറിവില്ലാത്തവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റരുത്.

إِنَّهُمْ لَن يُغْنُوا۟ عَنكَ مِنَ ٱللَّهِ شَيْـًٔا ۚ وَإِنَّ
ٱلظَّـٰلِمِينَ بَعْضُهُمْ أَوْلِيَآءُ بَعْضٍ ۖ وَٱللَّهُ وَلِىُّ
ٱلْمُتَّقِينَ ﴿١٩﴾
هَـٰذَا بَصَـٰٓئِرُ لِلنَّاسِ وَهُدًى وَرَحْمَةٌ لِّقَوْمٍ
يُوقِنُونَ ﴿٢٠﴾
أَمْ حَسِبَ ٱلَّذِينَ ٱجْتَرَحُوا۟ ٱلسَّيِّـَٔاتِ أَن
نَّجْعَلَهُمْ كَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟
ٱلصَّـٰلِحَـٰتِ سَوَآءً مَّحْيَاهُمْ وَمَمَاتُهُمْ ۚ سَآءَ
مَا يَحْكُمُونَ ﴿٢١﴾

19. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു കാര്യത്തിനും അവർ നിനക്ക് ഒട്ടും പ്രയോജനപ്പെടുകയേയില്ല. തീർച്ചയായും അക്രമകാരികളിൽ ചിലർ ചിലർക്ക് രക്ഷാകർത്താക്കളാകുന്നു. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ രക്ഷാകർത്താവാകുന്നു.

20. ഇത് മനുഷ്യരുടെ കണ്ണ് തുറപ്പിക്കുന്ന തെളിവുകളും ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു.

21. അതല്ല, തിന്മകൾ പ്രവർത്തിച്ചവർ വിചാരിച്ചിരിക്കുകയാണോ; അവരെ നാം വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെപ്പോലെ, അതായത് അവരുടെ (രണ്ട് കൂട്ടരുടെയും) ജീവിതവും മരണവും തുല്യമായ നിലയിൽ ആക്കുമെന്ന്? അവർ വിധികൽപിക്കുന്നത് വളരെ മോശം തന്നെ.

14,15). ഇവിടെ അല്ലാഹു തന്റെ അടിമകളായ സത്യവിശ്വാസികളോട് കൽപിക്കുന്നത് അല്ലാഹുവിന്റെ കോപത്തെ ഭയപ്പെടാത്തവരും അവന്റെ പ്രതിഫലം പ്രതീക്ഷിക്കാത്തവരുമായ മുശ്‌രിക്കുകളുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും സൽസ്വഭാവമുള്ളവരായിരിക്കണമെന്നുമാണ്. എല്ലാ ജനതകൾക്കും അവൻ പ്രതിഫലം നൽകും. (അവർ സമ്പാദിച്ചുകൊണ്ടിരുന്നതിന്റെ ഫലം) എന്നാൽ വിശ്വാസികളേ, നിങ്ങളുടെ വിശ്വാസത്തിനും സഹിഷ്ണുതയ്ക്കും ക്ഷമക്കും അവൻ നിങ്ങൾക്ക് സമൃദ്ധമായി/ വിശാലമായി പ്രതിഫലം നൽകും. അവർ ഇനിയും നിഷേധത്തിൽ തുടരുകയാണെങ്കിൽ അവർക്ക് ഇറങ്ങുന്ന കഠിനശിക്ഷയും നിന്ദ്യതയും നിങ്ങൾക്ക് ബാധിക്കുകയില്ല. അതാണല്ലോ, അല്ലാഹു പറഞ്ഞത് (വല്ലവനും നല്ലത് പ്രവർത്തിച്ചാൽ അത് അവന്റെ ഗുണത്തിനുതന്നെയാകുന്നു. വല്ലവനും തിന്മ പ്രവർത്തിച്ചാൽ അതിന്റെ ദോഷവും അവനുതന്നെ. പിന്നീട് നിങ്ങളും രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുന്നതാണ്).

16). തുടർന്ന് അല്ലാഹു പറയുന്നു: അതായത് ഇസ്‌റാഈൽ സന്തതികൾക്ക് ജനങ്ങളിൽ മറ്റാർക്കും നൽകാത്ത അനുഗ്രഹങ്ങൾ നാം നൽകി. (വേദഗ്രന്ഥവും) അതായത് തൗറാത്തും ഇൻജീലും ജനങ്ങൾക്കിടയിൽ വിധിക്കേണ്ട നിയമങ്ങളും അവരുടെ സവിശേഷതയായ പ്രവാചകത്വവും. പ്രവാചകത്വം ഇബ്‌റാഹീം നബി (അ)യുടെ സന്താനപരമ്പരയിൽ ആയിത്തീരുകയും ചെയ്തു. പ്രവാചകന്മാരിൽ അധികവും ഇസ്‌റാഈൽ സന്തതികളിൽ പെട്ടവരാണ്. (വിശിഷ്ട വസ്തുക്കളിൽനിന്ന് നാം അവർക്ക് ആഹാരം നൽകുകയും ചെയ്തു) ഭക്ഷണങ്ങൾ, പാനീയങ്ങൾ, വസ്ത്രങ്ങൾ. മന്നയും സൽവയും ഇറക്കിക്കൊടുത്തും അവർക്ക് ഭക്ഷണം നൽകി. (ലോകരെക്കാൾ അവർക്ക് നാം ശ്രേഷ്ഠത നൽകുകയും ചെയ്തു) ഈ അനുഗ്രഹങ്ങൾ നൽകിക്കൊണ്ട്; മറ്റു സൃഷ്ടികളെക്കാൾ. ലോകർ എന്ന് പറയുന്ന പൊതുവായ പദപ്രയോഗത്തിൽനിന്നും ഈ സമുദായം ഒഴിവാണ്. കാരണം, അവർ ജനങ്ങൾക്കുവേണ്ടി പുറപ്പെടുവിക്കപ്പെട്ട ഉത്തമസമുദായമാണ്. സന്ദർഭത്തിൽ നിന്നും മനസ്സിലാകുന്നത് ഈ സമുദായം അതിൽ പെടില്ലെന്നാണ്. ഇവിടെ അല്ലാഹു ഇസ്‌റാഈൽ സന്തതികൾക്ക് ചെയ്തുകൊടുത്ത അനുഗ്രഹങ്ങളെ എടുത്തുപറയുകയാണ്. മറ്റുള്ളവരിൽനിന്ന് അവരെ പ്രത്യേകമാക്കുകയും ചെയ്യുന്നു.

മാത്രവുമല്ല, വേദഗ്രന്ഥം, വിജ്ഞാനം, പ്രവാചകത്വം എന്നിവയിലൂടെ ഇസ്‌റാഈൽ സന്തതികൾക്കുള്ള മഹത്ത്വങ്ങളും മറ്റ് പ്രത്യേകതകളും ഈ സമുദായത്തിനും ഉണ്ടായിട്ടുണ്ട്. അവരെക്കാളും പല മഹത്ത്വങ്ങളും ഈ സമുദായത്തിന് അധികമായി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമം, അതായത് ഇസ്‌റാഈൽ സന്തതികളുടെ നിയമം, നേരത്തെ പറഞ്ഞ മഹത്ത്വത്തിന്റെ ഭാഗമാണ്. എന്നാൽ, ഈ ഗ്രന്ഥം (ക്വുർആൻ) അതിന് മുമ്പായി വന്ന വേദങ്ങളെ സ്ഥിരീകരിക്കുകയും അവയെ മറികടക്കുകയും

ചെയ്യുന്നു. മുഹമ്മദ് നബി(സ്വ)യാകട്ടെ മുഴുവൻ പ്രവാചകന്മാരെയും സത്യപ്പെടുത്തുന്നു.

17). (അവർക്ക് നാം നൽകുകയും ചെയ്തു) അതായത്, ഇസ്റാഈൽ സന്തതികൾക്ക്. (വ്യക്തമായ തെളിവുകൾ) അസത്യത്തിൽനിന്നും സത്യത്തെ വ്യക്തമാക്കുന്ന തെളിവുകൾ. (കാര്യത്തെപ്പറ്റിയുള്ള) അല്ലാഹു അവർക്കെത്തിച്ച മതപരമായ വിധികൾ. ദൃഷ്ടാന്തങ്ങൾ എന്നത് മൂസാ നബി(അ) യിലൂടെ അവർ കണ്ട അമാനുഷികമായ കാര്യങ്ങളാണ്. ഇസ്റാഈൽ സന്തതികൾക്ക് അല്ലാഹു ചെയ്തു കൊടുത്ത ഈ അനുഗ്രഹങ്ങൾ താൽപര്യപ്പെടുന്നത് അവരുടെ ബാധ്യതകൾ പൂർണാർഥത്തി ൽ നിർവഹിക്കണമെന്നാണ്. അല്ലാഹു അവർക്ക് വ്യക്തമാക്കിക്കൊടുത്ത സത്യത്തിൽ അവരൊന്നിച്ച് ചേരുകയും ചെയ്യണം. പക്ഷേ, കാര്യം നേരെ മറിച്ചാണുണ്ടായത്. ചെയ്യേണ്ടതിനു നേർവിപരീതം പ്രവർത്തിച്ചു. ഏതൊന്നിൽ ഒന്നിക്കണമെന്ന് പറഞ്ഞോ അതിൽ അവർ ഭിന്നിച്ചു. അതാണല്ലോ പറഞ്ഞത്: (എന്നാൽ അവർ ഭിന്നിച്ചത് അവർക്ക് അറിവ് വന്നുകിട്ടിയതിനു ശേഷം തന്നെയാണ്) ഭിന്നത ഇല്ലാതാക്കാൻ ആവശ്യമായത്. എന്നിട്ടും അവരെ ഭിന്നിക്കാൻ പ്രേരിപ്പിച്ചത് പരസ്പരമുള്ള അതിക്രമവും അനീതിയുമാണ്. (ഏതൊരു കാര്യത്തിൽ അവർ ഭിന്നിച്ചുകൊണ്ടിരിക്കുന്നുവോ അതിൽ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കിടയിൽ നിന്റെ രക്ഷിതാവ് വിധികൽപിക്കുക തന്നെചെയ്യും). അതിനാൽ, അവൻ സത്യത്തെ പിന്തുടരുന്നവനെയും അസത്യത്തെ പിന്തുടരുന്നവനെയും വേർതിരിച്ചു കാണിക്കും. അവർ ഭിന്നിക്കാനിടയായത് ഇച്ഛകളും ആഗ്രഹങ്ങളും മറ്റും ആയിരുന്നു.

18). പിന്നീട് എല്ലാ നന്മയിലേക്കും ക്ഷണിക്കുന്ന സമ്പൂർണമായ ഒരു ശരീഅത്തിനെ നിനക്ക് നാം നിശ്ചയിച്ചുതന്നു. നമ്മുടെ ഈ ശരീഅത്ത് എല്ലാ തിന്മകളെയും വിരോധിക്കുകയും ചെയ്യുന്നു. (നീ അതിനെ പിന്തുടരുക) തീർച്ചയായും അത് പിന്തുടരുന്നതിൽ നിത്യസൗഭാഗ്യവും നന്മയും വിജയവുമുണ്ട്. (അറിവില്ലാത്തവരുടെ തന്നിഷ്ടങ്ങളെ നീ പിൻപറ്റരുത്) അറിവിനെ പിൻപറ്റാത്ത, അതിനു പിന്നിൽ സഞ്ചരിക്കാത്ത തന്നിഷ്ടക്കാരെ. റസൂലിന്റെ(സ്വ) ഉപദേശങ്ങൾക്ക് വിരുദ്ധമായ എന്തെങ്കിലും ആഗ്രഹിക്കുകയും ഇച്ഛിക്കുകയും ചെയ്യുന്ന എല്ലാവരും അറിവില്ലാത്തവർ എന്ന വിശേഷണത്തിൽ വരുന്നു.

19). (അല്ലാഹുവിങ്കൽനിന്നുള്ള യാതൊരു കാര്യത്തിനും അവർ നിനക്കൊട്ടും പ്രയോജനപ്പെടുകയേ ഇല്ല). അല്ലാഹുവിന്റെ അടുക്കൽ നിനക്കവർ പ്രയോജനപ്പെടുകയില്ല. പ്രയോജനപ്പെടേണ്ടത് നന്മ നേടാനും തിന്മ തടുക്കാനും (നീ അവര പിൻപറ്റുന്നതിലൂടെ) നിനക്ക് സാധിക്കുമായിരുന്നു. അവരോട് യോജിക്കുന്നതും അവരെ സംരക്ഷകരായി സ്വീകരിക്കുന്നതും നിനക്ക് ഗുണമാവില്ല. നീയും അവരും തമ്മിൽ വലിയ അന്തരമുണ്ട്. (അക്രമകാരികളിൽ ചിലർ ചിലർക്ക് രക്ഷാകർത്താക്കളാകുന്നു. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരുടെ രക്ഷാകർത്താവാകുന്നു). അവരുടെ ഭക്തിയും അനുസരണവും നിമിത്തം അവൻ അവരെ ഇരുട്ടിന്റെ ആഴങ്ങളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു.

20). (ഇത് മനുഷ്യരുടെ കണ്ണ് തുറപ്പിക്കുന്ന തെളിവുകളും ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു). അതായത് (ഇത്) വിശുദ്ധ ഖുർആൻ; വൈജ്ഞാനികമായ ഈ ഉദ്ബോധനം (മനുഷ്യരുടെ കണ്ണ് തുറപ്പിക്കുന്ന). അതായത് എല്ലാകാര്യങ്ങളിലും ജനങ്ങൾക്ക് ഉൾക്കാഴ്ച ലഭിക്കുന്നു. അതിലൂടെ വിശ്വാസികൾക്ക് പ്രയോജനം ലഭിക്കുന്നു. (ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു). അടിസ്ഥാനപരവും അല്ലാത്തതുമായ മതവിഷയങ്ങളിൽ ശരിയായ മാർഗത്തിലേക്ക് അതുമൂലം അവർ എത്തിച്ചേരുന്നു. അതിലൂടെ നന്മയും സന്തോഷവും ഇഹപര സൗഭാഗ്യവും കൈവരിക്കുന്നു. അത് കാരുണ്യമാണ്. അതുമൂലം അവരുടെ മനസ്സുകൾ പരിശുദ്ധി പ്രാപിക്കുന്നു. ബുദ്ധി വളരുന്നു. വിശ്വാസവും ദൃഢതയും വർധിക്കുകയും ചെയ്യുന്നു. ധിക്കാരം കാണിക്കുകയും തിന്മയിൽ ശഠിച്ച് നിൽക്കുകയും ചെയ്യുന്നവർക്കെതിരെ അത് തെളിവാകുകയും ചെയ്യുന്നു.

21). തങ്ങളുടെ രക്ഷിതാവിനോടുള്ള ബാധ്യതകളിൽ വീഴ്ചവരുത്തുകയും തെറ്റുകൾ വർധിപ്പിക്കുകയും ചെയ്യുന്ന കുറ്റവാളികൾ വിചാരിക്കുന്നുണ്ടോ? (അവരെ നാം വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെപ്പോലെ ആക്കുമെന്ന്?). അവർ തങ്ങളുടെ രക്ഷിതാവിനോടുള്ള കടമകൾ നിർവഹിക്കുകയും അവന് ഇഷ്ടമില്ലാത്ത കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും സ്വന്തം ഇഷ്ടങ്ങളെക്കാൾ അവന്റെ തൃപ്തിക്ക് മുൻഗണന നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നവരെപ്പോലെ ആക്കുമെന്ന് അവർ വിചാരിക്കുന്നുണ്ടോ? (തുല്യമായ നിലയിൽ) ഇഹലോകത്തും പരലോകത്തും? അവർ വിചാരിച്ചതും കണക്കുകൂട്ടിയതും എത്ര ചീത്ത! അവർ വിധിക്കുന്നതും എത്രമോശം! നീതിമാന്മാരിൽ ഏറ്റവും ഉത്തമനും വിധികർത്താക്കളിൽ ഏറ്റവും വലിയ വിധികർത്താവുമായ അവന്റെ യുക്തിക്കെതിരായ വിധി. ചൊവ്വായ പ്രകൃതിയും ശരിയായ ബുദ്ധിയും അതിനെതിരാണ്. പ്രവാചകന്മാർ പറഞ്ഞുതന്നതിനും വേദഗ്രന്ഥങ്ങളിൽ ഇറക്കപ്പെട്ടതിനും എതിരാണത്. എന്നാൽ ഖണ്ഡിതമായ യഥാർഥ മതവിധികൾ എന്ന അർഥത്തിൽ അല്ല 'വിധി' എന്ന അർഥത്തിലാണ് പ്രയോഗിച്ചുകാണുന്നത്. സൽകർമകാരികളായ സത്യവിശ്വാസികൾക്ക് ഇഹത്തിലും പരത്തിലും സഹായവും വിജയവും സൗഭാഗ്യവും പ്രതിഫലവുമുണ്ടെന്നതാണ്. എല്ലാവർക്കും അവരുടെ സുകൃതങ്ങളുടെ തോതനുസരിച്ച്. തിന്മ പ്രവർത്തിക്കുന്നവർക്ക് കോപവും നിന്ദ്യതയും ശിക്ഷയും കഷ്ടപ്പാടുമാണ് ഇരുലോകത്തുമുള്ളത്.

കവിത

# ഓരോരോ മോഹങ്ങൾ

സുലൈമാൻ പെരുമുക്ക്

ഒരിഞ്ച്
മരമില്ലാതെയാണ്
ബാസിത്ത്
പടുകൂറ്റൻ
ബംഗ്ലാവു പണിതത്!
കൂടെപ്പിറപ്പുകളായ
റാബിത്തിന്റെയും
സാബിത്തിന്റെയും
ചിന്തകൾ പറക്കുന്നത്
കല്ലും മണ്ണുമില്ലാതെ
എങ്ങനെ കൊട്ടാരങ്ങൾ
പണിയാമെന്നു തേടിയാണ്!
കാട്ടിൽ
കൂരയില്ലാതലയുന്ന
ജന്തുക്കളൊന്നുമില്ല.
പക്ഷേ, നാട്ടിൽ
തൂണിലും തുരുമ്പിലും
എഴുതിവെച്ച
'നന്മയുടെ ഉറവിടങ്ങൾ'
വാഴുമ്പോഴും
കൂരയില്ലാത്ത
ജനലക്ഷങ്ങളുണ്ട്!
അതിനിടയിലെത്ര
പാഴ്മരങ്ങളാണ്
വന്മരങ്ങളായി
വളർന്നു വലുതായി
കടപുഴകി വീണത്!
ഖാറൂന്റെ
ഖജനാവുകളുടെ
താക്കോലുകൾ
ചുമക്കാൻ
മരുക്കപ്പലുകളുടെ
നീണ്ട നിരയുണ്ടായിരുന്നെങ്കിലും
കാലമതിന് ചപ്പുചവറുകളുടെ
വിലയാണ് നൽകിയത്!
കോടീശ്വരന്നും
കൂലിപ്പണിക്കാരന്നും
തെരുവിലലയുന്ന
നായകൾക്കും
ദാഹജലമൊന്നാണ്,
വായുവും അതുപോലെ...
തലയുയർത്തി
മണ്ണിൽ നടക്കുന്ന
മനുഷ്യരുടെ
തലതിരിഞ്ഞ
ചിന്തകളെ
കണ്ടുരസിക്കാൻ
വവ്വാലുകളിന്നും
മണ്ണിലേക്ക്
നോക്കിക്കിടക്കുന്നു.
വിത്തക്കളത്തിൽ
തുള്ളിക്കളിക്കുമ്പോൾ
ഓടിയെത്തുന്ന
മോഹങ്ങളെ
പൂരിപ്പിച്ചു പൂരിപ്പിച്ചു
തളരുമ്പോൾ
ചെന്നെത്തുന്നത്
മണ്ണിലാണെന്ന സത്യം
മണ്ണിലെത്തുന്നതിനു മുമ്പ്
അറിയുന്നതാണ്
മനുഷ്യത്വമെന്നത്
ഇനി എന്ന്,
എങ്ങനെ പഠിക്കും?

■






GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 SEPTEMBER 03

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# പുറത്തിറങ്ങി...

60 രൂപയുടെ കൃതി ഇപ്പോൾ പകുതി വിലക്ക്

- അടിസ്ഥാനം കാഴ്ച തന്നെ!
- കണക്കിനെ അവലംബിക്കാമോ?
- എല്ലാ മാസവും നോക്കേണ്ടതുണ്ടോ?
- സൗദിയെ അടിസ്ഥാനമാക്കാമോ?

കോപ്പികൾക്ക് ബന്ധപ്പെടുക. : 73567 66478

